അക്ഷര

ഡിജിറ്റൽ
ത്രൈമാസിക

അക്ഷര പബ്ലിക് ലൈബ്രറി
മുഖപത്രം



ലക്കം
04

ജൂൺ
2021

കേരളത്തിന്റെ ഭരണസാരഥികൾക്ക് അക്ഷരയുടെ ആശംസകൾ



ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി



ശ്രീ.കെ.രാജൻ
റവന്യു



ശ്രീ.റോഷി അഗസ്റ്റിൻ
ജലവിഭവം



ശ്രീ.കെ.കൃഷ്ണൻകുട്ടി
വൈദ്യുതി



ശ്രീ.എ.കെ.ശശീന്ദ്രൻ
വനം



ശ്രീ.ആന്റണി രാജു
ഗതാഗതം



ശ്രീ.എം.വി.ഗോവിന്ദൻ
തദ്ദേശ സ്വയംഭരണം



ശ്രീ.കെ.രാധാകൃഷ്ണൻ
ദേവസ്വം



ശ്രീ.അഹമ്മദ് ദേവർകോവിൽ
തുറമുഖം



ശ്രീ.കെ.എൻ.ബാലഗോപാൽ
ധനകാര്യം



ശ്രീ.പി.പ്രസാദ്
കൃഷി



ശ്രീ.പി.രാജീവ്
വ്യവസായം



ശ്രീമതി.വീണാ ജോർജ്
ആരോഗ്യം



ശ്രീ.വി.ശിവൻകുട്ടി
പൊതുവിദ്യാഭ്യാസം



ശ്രീ.സജി ചെറിയാൻ
സാംസ്കാരികം



ശ്രീ.പി.എ.മുഹമ്മദ് റിയാസ്
പൊതുമരാമത്ത്



ശ്രീമതി.ജെ.ചിഞ്ചുറാണി
ക്ഷീരവികസനം



ശ്രീ.വി.എൻ.വാസവൻ
സഹകരണം



ശ്രീമതി.ആർ.ബിന്ദു
ഉന്നത വിദ്യാഭ്യാസം



ശ്രീ.ജി.ആർ.അനിൽ
ഭക്ഷ്യ-സിവിൽ സപ്ലൈസ്



ശ്രീ.വി.അബ്ദുറഹ്മാൻ
കായികം

അക്ഷര

അക്ഷര പബ്ലിക് ലൈബ്രറി
കണിച്ചുകുളം
രജിസ്റ്റർ നമ്പർ 05 CNY 7613
മുഖപത്രം
ഡിജിറ്റൽ ത്രൈമാസിക
ലക്കം 04, June 2021



കവർ ചിത്രം
ബിനുക്കുട്ടൻ കീഴില്ലം

എഡിറ്റോറിയൽ
ചീഫ് എഡിറ്റർ
അജേഷ്കുമാർ പി.ബേബി

എഡിറ്റേഴ്സ്
മായാദേവി പി.എസ്.
മനു ഗോപിനാഥൻ
ഉണ്ണികൃഷ്ണൻ എം.
ബിജിക്കുട്ടൻ

ഉപദേശകസമിതി
പി. എസ്. പ്രസാദ്
[പ്രസിഡന്റ് , അക്ഷര പബ്ലിക് ലൈബ്രറി]
പി. എം. ചാക്കോ [താലൂക്ക് ലൈബ്രറി കമ്മിറ്റി അംഗം]

ഗ്രാഫിക് ഡിസൈനർ
സുബിൻ കെ. എസ്
[സെക്രട്ടറി ,അക്ഷര യുവജനവേദി]

വിലാസം
അക്ഷര പബ്ലിക് ലൈബ്രറി
കണിച്ചുകുളം,
മാമ്മൂട് പി. ഓ.
ചങ്ങാനാശ്ശേരി
കോട്ടയം, കേരള
686536
aksharapubliclibrary05cny7613@gmail.com

സന്ദർശിക്കുക
website
https://aksharadigitalmagazine.art.blog
OR
https://aksharadigitalmagazineonline.blogspot.com
എഴുത്തിലെ ആശയങ്ങൾ ഏഴുത്തുകാരുടേത്!

അറിയിപ്പ്!
അക്ഷര ഓൺലൈൻ മാഗസിനിലേക്ക് സാഹിത്യ സൃഷ്ടികൾ അയയ്ക്കുന്നവർ ഇമെയിൽ വിലാസത്തിലോ ലൈബ്രറിയുടെ മേൽവിലാസത്തിലോ അയയ്ക്കാവുന്നതാണ്!

Email: aksharadigitalmagazine@gmail.com

Phone : 9497599459
enquiry : 7034659359

അക്ഷര ഡിജിറ്റൽ പബ്ലിക്കേഷൻസ്

ഉള്ളടക്കം

താളുകൾ മറിക്കുമ്പോൾ

എഡിറ്റോറിയൽ

വർത്തമാനകാലത്തിന്റെ അനിവാര്യത — അജേഷ് കുമാർ.പി.ബേബി — 4

ജീവിതരേഖ

പറയാൻ ബാക്കിവച്ചത് പൊന്നരിവാളമ്പളികൾ തീർത്ത വാനമ്പാടി — അജയൻ കുറ്റിക്കാട്ട് — 5

വൃക്ഷായുർവേദം — കെ.ബിനു — 11

ലേഖനം

വിയോജിപ്പിന്റെ രാഷ്ട്രീയം — രാജഗോപാൽ വാകത്താനം — 15

കവിത

കട്ടിൽ — ജയപ്രകാശ് എറവ് — 18

ലേഖനം

പരിസ്ഥിതിയെ മറക്കാനുള്ളതല്ല — ഫാ.റവ.ജെസ് വിൻ യെദി ചാക്കോ — 19

കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളും നായകന്മാരും — പി എസ്.പ്രസാദ് — 22

കഥ

വാക പോൽ ഒരു പ്രണയം — നന്ദു — 24

കവിത

മഴയുടെ സംഗീതം — അജേഷ് കുമാർ.പി.ബേബി — 27

കഥ

1980 — ജോസ് പാത്താമുട്ടം — 28

ലേഖനം

കൊവിഡ്-19 രോഗപ്രതിരോധം വാക്സിനിലൂടെ — അന്ന ബിജു തോമസ് — 30

കവിത


മരത്തിന്റെ വിലാപം — പ്രവീണ.പി — 32

വിജ്ഞാന ലോകം — 33

ടെലിഫിലിം തിരക്കഥ — 34

നക്ഷത്രം ഹൃദയത്തോട് പറഞ്ഞത് — അജയൻ കുറ്റിക്കാട്ട് — 39

അക്ഷര വാർത്തകൾ



മുഖപ്രസംഗം

വർത്തമാന കാലത്തിന്റെ അനിവാര്യത

കോവിഡ് മഹാമാരി ലോകത്ത് മനുഷ്യജീവനുകൾ കവർന്നെടുക്കുമ്പോൾ ഇസ്രയേൽ,പാലസ്തീൻ സംഘർഷം നൽക്കുന്ന സന്ദേശം എന്ത്?.മതത്തിന്റെയും,വർഗ്ഗങ്ങളുടെയും പേരിൽ നിരപരാധികളായ മനുഷ്യജീവനുകൾക്കൊപ്പം കാലാകാലങ്ങളിൽ മനുഷ്യാദ്ധ്വാനഫലങ്ങൾ കൂടിയാണ് നഷ്ടപ്പെടുത്തുന്നത്.ആയുധങ്ങളല്ല ആശയങ്ങളാണ് നമ്മെ നയിക്കേണ്ടത്.അത് മനുഷ്യ പുരോഗതിയെ ലക്ഷ്യം വയ്ക്കുന്നതായിരിക്കണം.

കോവിഡ് രണ്ടാം തരംഗത്തിനു പിന്നാലെ ബ്ലാക്ക് ഫംഗസ്,യെല്ലോഫംഗസ്,വൈറ്റ്ഫംഗസും,പടരുന്നത്,ജനങ്ങളെ,ആശങ്കാകുലരാക്കുന്നു.കോവിഡ് ബാധിച്ച ജീവിതശൈലി രോഗമുള്ളവരിലാണ് ഫംഗസ് രോഗബാധിതർ കൂടുതലായി കാണപ്പെടുന്നത്.അതിന് വാക്സിൻ എത്രയും പെട്ടന്ന് സൌജന്യമായി ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ട നടപടികളാണ് സർക്കാരുകൾ നിർവ്വഹിക്കേണ്ടത്.

കേരളം 44വർഷങ്ങൾക്ക് ശേഷമാണ് ഒരു സർക്കാരിന് തുടർഭരണം നല്കിയത് എന്ന പ്രത്യേകത ഈ തെരഞ്ഞെടുപ്പിനുണ്ട്.അച്ചുതമേനോൻ സർക്കാരിനുശേഷം തുടർഭരണത്തിന് ഇടയാക്കിയത് വികസനമാണെങ്കിൽ ഈ സർക്കാരിന് തുടർഭരണത്തിന് സാധ്യമാക്കിയത്.സമാനതകളില്ലാത്ത ദുരന്തങ്ങളെ നേരിട്ടതും,വികസന പ്രവർത്തനങ്ങളും,ജനങ്ങളോടുള്ള കരുതലുമാണ്.

ഏത് സർക്കാർ വരുമ്പോഴും നമ്മുടെ പ്രധാന ലക്ഷ്യം വികസനം എന്നതു തന്നെയാണ്.വികസനം എല്ലാ സമൂഹത്തിന്റെയും വളർച്ചയ്ക്ക് അത്യന്താപേക്ഷിതവുമാണ്.എന്നാൽ നമ്മുടെ പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള വികസനങ്ങൾക്കാണ് ഊന്നൽ കൊടുക്കേണ്ടത്.ആഗോള കാലാവസ്ഥ വ്യതിയാനവും,പകർച്ചവ്യാധികളും പടരുന്നത് കാണാതെപോകരുത്.പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള വികസന നയം രൂപപ്പെടുത്തേണ്ടത് വരും തലമുറയ്ക്കുള്ള കരുതലാണ്.

കേരളം മതനിരപേക്ഷകേരളമായി രൂപപ്പെടുന്നതിൽ,സാംസ്ക്കാരികപ്രസ്ഥാനങ്ങളും ലൈബ്രറി പ്രസ്ഥാനങ്ങളും വഹിച്ച പങ്ക് നിസ്തുലമാണ്.1945സെപ്റ്റംബർ14ന്,അമ്പലപ്പുഴയിൽ പി.എൻ.പണിക്കരുടെ നേതൃത്വത്തിൽ ആരംഭിച്ച ഗ്രന്ഥശാല പ്രസ്ഥാനത്തിനു കീഴിൽ ഇന്ന് 8500-ൽ അധികം ലൈബ്രറികൾ പ്രവർത്തിക്കുന്നു.നിലവിലുള്ള ലൈബ്രറികളെ നവീകരിക്കുന്നതിനോടൊപ്പം ഒരു വാർഡിൽ ഒരു ലൈബ്രറി എന്ന നിലയിലേക്ക് ലൈബ്രറികളുടെ എണ്ണം വർദ്ധിപ്പിക്കുകയും പുസ്തക വായനയ്ക്ക് ഉപരിയായി ഒരു സാംസ്ക്കാരിക കേന്ദ്രമായും വളർത്തുന്നതിനു വേണ്ട ഇടപെടൽ സർക്കാരിന്റെയും ലൈബ്രറി കൌൺസിലിന്റെയും ഭാഗത്തു നിന്നു ഉണ്ടാവേണ്ടത് വർത്തമാനകാലത്തിന്റെ അനിവാര്യതയാണ്.



ചീഫ് എഡിറ്റർ



പറയാൻ ബാക്കിവച്ചത്



പൊന്നരിവാളമ്പിളികൾ തീർത്ത വാനമ്പാടി

കെ.പി.എ.സി.സുലോചന

ലേഖനം

അജയൻ കുറ്റിക്കാട്ട്
9447672457

കായംകുളത്തെ മണി ഭവനു മുന്നിലെ മുറ്റത്ത് പടർന്ന് പന്തലിച്ച് അതിരുകൾക്കപ്പുറത്തേയ്ക്ക് തണൽ ചൊരിഞ്ഞു നിൽക്കുന്ന കിളച്ചുണ്ടൻ മാവിന്റെ കുളിരുമാസ്വദിച്ച് സുലോചന ഇരിക്കുകയാണ്. തൊട്ടരുകിൽ കളിചിരിയുടെ നിഷ്ക്കളങ്ക ലോകം തീർത്തു രസിക്കുകയാണ് പേരക്കുട്ടികളായ ശംഭുവും, അശ്വതിയും. വെയിലിന് നീളം കൂടുമ്പോൾ മുത്തശ്ശൻ മാവ് ചില്ലകൾ നീട്ടി അമ്മയ്ക്കക്ക് തണൽ വിരിച്ചു കൊണ്ടിരുന്നു. ഒരു നിറപ്പകിട്ടാർന്ന പൂവിരിയും പോലെ അവർ ചിരിച്ചു. പിന്നെ മനസ്സ് മനസ്സിനോട് മന്ത്രിക്കും പോലെ പിന്നിട്ട കാലം പറയുവാൻ തുടങ്ങി

"മാവേലിക്കര കോട്ടയ്ക്കകത്ത് വീട്ടിൽ ഹെഡ് കോൺസ്റ്റബിൾ കുഞ്ഞുകുഞ്ഞിന്റെയും വീട്ടമ്മയായ കല്യാണി അമ്മയുടേയും മകളായിട്ടാണ് ഞാൻ പിറന്നത്. കൂടെപ്പിറപ്പുകൾ അഞ്ചു പേർ ചെറുപ്പത്തിലെ മരിച്ചു. മരണകാരണം അവരൊക്കെയും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ വികലാംഗരായിരുന്നു. അങ്ങനെ കാക്കയ്ക്കുക്കും പുള്ളിനും കൊടുക്കാതെ അമ്മയ്ക്കും അച്ഛനും പിന്നെ കിട്ടിയത് ചേച്ചിയും ഞാനും പിന്നെ സഹോദരൻ കൃഷ്ണൻ കുട്ടിയും മാത്രം. മാവേലിക്കരയിലെ മിഡിൽ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം അച്ഛന്റെ സ്ഥല മാറ്റം മൂലം ഞങ്ങൾ തിരുവനന്തപുരെത്തെ കിഴക്കേക്കോട്ടയിലേക്ക് താമസം മാറ്റി. ചെറുപ്പത്തിൽ കൂട്ടുകൂടി കളിച്ച് തിമാർക്കാനൊന്നും ഞാമ്പോവില്ലായിരുന്നു. വീടിന്റെ മുക്കിലും മൂലയിലും നിന്ന് റേഡിയോയിൽ കേൾക്കുന്ന പാട്ട് പാടി രസിക്കുന്നതായിരുന്നു എനിക്കിഷ്ടം. എന്റെ പാട്ടിന് ഒരു കേൾവിക്കാരനെ ഉണ്ടായിരുന്നുള്ളൂ; സഹോദരൻ കൃഷ്ണൻ കുട്ടി .ഞാൻ പാടാൻ മറന്നാൽ സദാ ഓർമ്മിപ്പിച്ചു കൊണ്ട് എന്റെ നിഴലു പോലെ കൃഷ്ണനുണ്ടായിരുന്നു. അകാലത്തിൽ വേർപെട്ട അദ്ധ്യാപകനായിരുന്ന സഹോദരൻ കൃഷ്ണൻ കുട്ടിയുടെ ദു;ഖസ്മരണ നിറഞ്ഞ സുലോചനയുടെ കണ്ണിൽ നിന്ന് രണ്ട് അരുവികൾ ഒഴുകാൻ തുടങ്ങിയപ്പോൾ കൃഷ്ണൻ കുട്ടിയുടെ മക്കളായ വിനോദും മനോജും അമ്മയ്ക്കരുകിലെത്തി. കലാകാരന്മാരായ അവർക്ക് ഇന്ന് പരിപാടി നടക്കുന്നിടത്തേയ്ക്കക്ക് പോകേണ്ടതുണ്ട്. അതിനു മുൻപ് എന്നും പതിവുള്ളതു പോലെ അമ്മയുടെ അനുഗ്രഹം സ്പർശിച്ച് അവർ നിവരുമ്പോൾ ഉപ്പുരസം നിറഞ്ഞ ചുണ്ടിലെ മുത്തം മൂർദ്ധാവിൽ നൽകി അമ്മ മക്കളെ നോക്കി.

അവർ പോകുമ്പോൾ സുലോചന പറഞ്ഞു "എന്റെ പൊന്നുമക്കളാണാവർ . പെറ്റമ്മയെക്കാൾ സ്നേഹം എനിക്ക് തന്ന് ഞാനും ഭർത്താവ് കലേശനും ലാളിച്ച് വളർത്തി വലുതാക്കിയ എന്റെ പൊന്നുമക്കൾ " കസേരയിലേക്ക് ചാഞ്ഞ് കണ്ണുകളടച്ച് അവർ ഓർമ്മയുടെ വേരുകൾ തേടാൻ തുടങ്ങി. അകത്ത് കലേശനുമായി നടത്തുന്ന സംഗീത - വാദ്യ പഠന ക്ലാസ്സിലെത്തിയ കുട്ടികൾ മൃദംഗവാദനത്തിന്റെ മേളപ്പെരുക്കങ്ങളിലേയ്ക്ക് കുഞ്ഞു വിരലുകൾ പായിക്കുന്നു. സുലോചന വീണ്ടും കണ്ണുകളടച്ച് ....പിന്നെ ഒരു മഹാലോക ത്തിന്റെ ശ്വാസനിശ്വാസങ്ങൾ വള്ളിപുള്ളി വിടാതെ നമ്മളിലേയ്ക്ക് പകരുന്നു.

ഓർമ്മകൾ

കർട്ടൻ ഉയരുന്നത് അൻപത്തിമൂന്ന് വർഷം പഴക്കമുള്ള ഒരോർമ്മയുടെ ചൂടിലേയ്ക്കാണ്. തിരുവനന്തപുരം കിഴക്കേക്കോട്ടയിലൂടെ ഒരു വെളുത്തു മെലിഞ്ഞ പതിമൂന്നുകാരി കറുത്ത പുള്ളികളുള്ള ജമ്പറുമിട്ട് , രണ്ടായി പിന്നിയിട്ട മുടിയിൽ തുമ്പപ്പൂവും തിരുകി, ചുണ്ടിലൊരു കീർത്തനത്തിന്റെ ആദ്യ വരികൾ തെറ്റുകൂടാതെ മന:പ്പാഠ മാക്കാനുള്ള കഠിന ശ്രമം നടത്തി മെല്ലെ കോട്ടയ്ക്കകം സ്കൂളിലേയ്ക്ക് പോവുകയാണ്. മുന്നിലും പിന്നിലുമായി പോകുന്ന കുട്ടികൾക്കെല്ലാം കൂട്ടുകാരുണ്ട്. ഈ പതിമൂന്നുകാരി മാത്രം കൂട്ടായി ഒപ്പമുള്ളത് മന;പ്പാഠമാക്കാൻ ചുണ്ടിൽ ഓടിക്കളിക്കുന്ന കീർത്തനം മാത്രമേയുള്ളൂ. ഗണപതി കോവിലിനു മുന്നിൽ അവളെത്തുമ്പോൾ തൊട്ടെതിർവശത്തെ സ്വാമിയുടെ ഹോട്ടലിലെ ഗ്രാമഫോണിൽ നിന്ന് ലളിതസുഭഗമായൊരു കീർത്തനത്തിന്റെ പല്ലവി ഒഴുകി പതിമ്മൂന്നുകാരിയുടെ ഹൃദയത്തിലേയ്ക്കെത്തി.

പുസ്തകസഞ്ചിയുമ്മർത്തിപ്പിടിച്ച് സ്വരഗംഗയുടെ തേരിലേറി അവൾ യാത്രയായിട്ട് നേരമേറയായി . ഒടുവിൽ കടയുടമയുടെ ശകാരം കേട്ട് അവൾ സ്കൂളിലേയ്ക്ക് ഓടി. അന്നും പതിവു പോലെ താമസിച്ചെത്തുന്നതിന്റെ സമ്മാനവും മാഷിൽ നിന്ന് മേടിച്ച് ചുണ്ടിലെ കീർത്തനത്തിന് ഇടവേള നൽകി അവൾ ക്ലാസിലിരുന്നു.

എന്നിട്ടും ദേഷ്യം തീരാത്ത മാഷ് പതിമൂന്നുകാരിയോട് "അച്ഛൻ പോലീസാണെന്നു കരുതി എന്നുമിങ്ങനെ പാട്ടും കേട്ട് താമസിച്ചു വന്നാലുണ്ടല്ലോ ഇപ്പം കിട്ടീതൊന്നുമല്ലാ കിട്ടാമ്പോണത്''മേശപ്പുറത്ത് ഒന്നൂടെ ഉച്ചത്തിലടിച്ചുകൊണ്ട് മാഷ് പറഞ്ഞു.പിറ്റേ ദിവസം നേരത്തെ ക്ലാസിലെത്തിയ പതിമൂന്നുകാരിയുടെയടുത്ത് ചെന്ന് വാത്സല്യപൂർവ്വം തലോടിക്കൊണ്ട് മാഷ് പറഞ്ഞു."നീ റേഡിയോയിലെ ബാലലോകത്തിൽ പാടിയത് ഞാനിന്നലെ കേട്ടു.മിടുക്കി.ഇനി ഇവരൂടെ അതൊന്നു കേൾക്കട്ടെ നീ ഒന്നൂടെ പാടിക്കേ"കുട്ടികളെ നോക്കി മാഷ് പറഞ്ഞു.

ഗ്രാമഫോണിലെ പാട്ട് കേക്കാൻ വഴിയിറമ്പിൽ പള്ളിക്കൂടവും പഠിത്തവും മറന്നു നിന്ന് , എന്നും മാഷിന്റ തല്ല് മേടിക്കുന്ന അവൾ മനസ്സ് നിറഞ്ഞ സന്തോഷത്തോടെ കുട്ടികളെ നോക്കിപ്പാടി . "ദേവ ഹൃദയവനിയിലിരുളുമീ " . കുട്ടികളുടേയും മാഷിന്റെയും കയ്യടി കേട്ട് കോരിത്തരിച്ചത് പതിമൂന്നുകാരിയായ സുലോചന .പിറ്റേന്ന് മുതൽ സുലോചന സംഗീത പഠനം ആരംഭിച്ചു. തടിയൂർ സ്വദേശി ഗോപാലകൃഷ്ണനായിരുന്നു ഗുരു. പഠനം ഒരു മാസം പിന്നിട്ടപ്പോഴേ ഗുരു നാലാൾ കേൾക്കെ പറഞ്ഞു. "ഇവൾ നാടിനും നാട്ടാർക്കും പ്രശസ്തി നൽകുന്ന പാട്ടുകാരിയാകും തീർച്ച " .

അതെ, ഗുരുവിന്റെ നാവ് പൊന്നാകുന്ന കാഴ്ചയാണ് പിന്നെ കേരളം കണ്ടത്. അഭിനയവും പാട്ടും കൊണ്ട് ഒരു തലമുറയെ കമ്യൂണിസ്റ്റാക്കി , സ്വരഗംഗ നിറഞ്ഞ ആലാപനശൈലിയാൽ മലയാളിയുള്ളിടത്തെല്ലാം പിറന്ന നാടിന്റെ സ്മരണ നാവിൻതുമ്പിലെത്തിക്കുന്ന, നാടൻ പാട്ടിന്റെ ചക്കരമാവും ഊഞ്ഞാലും നൽകി വിസ്മയം കൊള്ളിച്ച് , സമരപുളകങ്ങളുടെ മഴവിൽക്കാഴ്ചപോലെ നിറഞ്ഞു നിന്ന് ദൈവത്തിന്റെ സ്വന്തം നാടിന്റെ സാംസ്കാരികയാത്രയ്ക്ക് പൂർണ്ണ ചന്ദ്രശോഭ നൽകുന്നിടത്തോളം വളർന്ന കാഴ്ചതന്നെയാണ് കേരളം കണ്ടത്.

സുലോചന തുടർന്നു , "പാട്ടും സ്കൂൾ പഠനവും ഒരുമിച്ചുകൊണ്ടു പോവാനാവാതെ നാലാം ക്ലാസ്സോടെ ഞാൻ പഠിത്തം നിർത്തി. ആയിടയ്ക്കാണ് പുതിയൊരു നാടകക്കമ്പനി കെ.പി.എ.സി. എന്ന പേരിൽ തിരുവനന്തപുരത്തു തുടങ്ങിയത്. അവർക്ക് പാടുകേം അഭിനയിക്കുകേം ചെയ്യുന്ന ഒരു പെണ്ണു വേണം. ഒടുവിൽ അന്വേഷിച്ച് അന്വേഷിച്ച് ഞങ്ങടെ വീട്ടിലെത്തി. കോൺഗസ്സുകാരനായ അച്ഛന് തീരെ താല്പര്യമില്ലായിരുന്നു എന്നെ കമ്മ്യു കണിസ്റ്റുകാരുടെ കൂടെ പാടാൻ വിടാൻ . വീട്ടുകാരുടേയും എന്നെ വിളിക്കാൻ വന്ന പുനലൂർ രാജഗോപാലൻ നായരുടേയും ജനാർദ്ദന കുറുപ്പിന്റെയും , കേശവൻ പോറ്റിയുടെയും നിർബന്ധത്തിനു വഴങ്ങി ഒടുവിലച്ഛൻ സമ്മതിച്ചു. അങ്ങനെ ജനകീയ നാടകപ്രസ്ഥാനത്തിന്റെ ആദ്യ കണ്ണിയായെ കെ.പി.എ.സിയിലേക്ക് പാടാനും അഭിനയിക്കുവാനുമായി പതിനാലാമത്തെ വയസ്സിൽ ഞാനെത്തി. 'എന്റെ മകനാണ് ശരി ' എന്ന നാടകത്തോടെയാണ് കെ.പി.എ.സിയിൽ എന്റെ ജീവിതം ആരംഭിക്കുന്നത്.സുലോചനയുടെ നോട്ടം ജനലഴി കടന്ന് ഷെൽഫിലിരിക്കുന്ന കെ.പി.എ.സിയുടെ എംബ്ലത്തിലേയ്ക്കു നീണ്ടു. നിറതോക്കിനെ വെല്ലാൻ വിരിമാറ് കാട്ടി നിൽക്കുന്ന പോരാളിയുടെ പിന്നിൽ പൊന്നരിവാളിന്റെ കരുത്തു പകരുന്ന മലയാളിപ്പെണ്ണിന്റെ നിശ്ചല ദൃശ്യം.

അവരുടെ കണ്ണിൽ ഇപ്പോൾ ഓർമ്മയുടെ ഒരു കടലിരമ്പുകയാണ്. ലോകാത്ഭുതങ്ങൾ പോലെ നാടകലോകത്തിനും , ലോക നാടക കലവറയായ ഗ്രീസിനു പോലും വിസ്മയം പകർന്നു നിൽക്കുന്ന കെ.പി.എ.സി എന്ന നാടകപ്രസ്ഥാനത്തിന്റെ ഇന്നും തുടരുന്ന വളർച്ചയുടെ പടവുകൾ സുലോചനയുടെ കണ്ണിൽ നിറഞ്ഞ് വരുകയാണ്. അത് ഒരു മഹാകാലത്തിന്റെ സ്മാരകമാണ് ആ കണ്ണുകൾ പറയുന്നതിങ്ങനെ.

"കെ.പി.എ.സി - അതൊരു സ്മാരകമാണ്, ഒരു ജനതയെ വെളിച്ചത്തിലേയ്ക്ക് നയിച്ച വികാരമാണ്. അഭിനയ കലയുടെ ഈറ്റില്ലമാണ്, തൊണ്ടുതല്ലുന്നവന്റേം കൂന്താലി എടുക്കുന്നവന്റേം ഓടയിലെ മാലിനും നീക്കുന്നവന്റേം ജീവിത ഭാഷ അരങ്ങിലെത്തിക്കുവാൻ തന്റേടം കാട്ടിയ നാടകക്കളരിയാണ്.

കെ.പി.എ.സി യുടെ ചരിത്രരേഖകളിങ്ങനെ. 1950-ൽ കെ.പി.എ.സി. (കേരള പീപ്പിൾസ് ആർട്ട്സ് ക്ലബ്ബ്) എന്ന സമിതി തിരുവനന്തപുരം ആസ്ഥാനമായി രൂപം കൊണ്ടു. കെ.എസ്. രാജാമണി സംഭാവന നൽകിയ എഴുത്തിയഞ്ച് രൂപയുമായി നാടകക്കമ്പനി രജിസ്റ്റർ ചെയ്തപ്പോൾ പുനലൂർ രാജഗോപാലൻ നായരും ജനാർദ്ദനക്കുറുപ്പും സ്വപ്നേപി കരുതിയില്ല ഓണ നിലാവും തിരുവാതിര ഞാറ്റുവേലയും പോലെ മലയാളിയുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടുവാൻ പോകുന്ന ഒരു നാടകപ്രസ്ഥാനത്തിനാണ് തങ്ങൾ ശിലപാകുന്നതെന്ന് .

നിലവിളക്ക് കൊളുത്താതെയും രംഗപൂജ നടത്താതെയും കലാ ലോകത്തിലെത്തന്നെ അന്ധവിശ്വാസങ്ങളെ പിഴുതെറിഞ്ഞു കൊണ്ടായിരുന്നു മഹത്തായ ആ സമിതിയുടെ തുടക്കം. ഇരുവരും ചേർന്നെഴുതിയ 'എന്റെ മകനാണ് ശരി' എന്ന ആദ്യനാടകവുമായി കെ.പി.എ.സി പ്രയാണമാരംഭിക്കുമ്പോൾ സമിതിക്കു കരുത്തായി മൊയ്തീൻ കുഞ്ഞും, തോപ്പിൽ കൃഷ്ണപിള്ളയും എം.പി കുട്ടപ്പനും എത്തിയിരുന്നു. റിഹേഴ്സലിനും ആലോചനകൾക്കും രചനയ്ക്കുമായി സഹായം എത്തിച്ചത് പ്രശസ്തനായ നിരൂപണ കുലപതി എം.പി പോളും. പോളിന്റെ കലവറയില്ലാത്ത പിന്തുണയാൽ തിരുവന്തപുരത്തെ ഷൺമുഖം പിള്ളയുടെ സ്വരാജ് ലോഡ്ജ് കെ.പി.എ.സിയുടെ ആദ്യ താവളമായി. പിന്നെ മെല്ലെ കായംകുളേത്തേയ്ക്ക് മാറി.

ഓർമ്മയുടെ കുളിർ തെന്നൽ സുലോചനയെ ഉണർത്തി. "പിന്നെ തോപ്പിൽ ഭാസിയുടെ പ്രശസ്ത നാടകമെത്തി. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി ' . ഞാനെത്ര വേദിയിൽ അത് കളിച്ചുവെന്ന് ഓർമ്മയില്ല. മാത്രമല്ല എനിക്കത് നാടകമല്ലായിരുന്നു ; ജീവിതമാരുന്നു ഞങ്ങൾ അഭിനയിച്ച് കാട്ടിയത്. ആ നാടകത്തിനു വേണ്ടി അനുഭവിച്ച ത്യാഗം ഒരു കലാകാരിയും കാട്ടിയിട്ടുണ്ടാവില്ല. പകൽ മുഴുവൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വേണ്ടി കോർണർ യോഗത്തിൽ പാടും. രാത്രിയിൽ അഭിനയവും പാട്ടും തുടരും . വിശ്രമമില്ലാതെ ഞങ്ങൾ അഭിനയിച്ചും പാടിയും ഒരു തലമുറയെ കമ്മ്യൂണിസ്റ്റാക്കാൻ പാടുപട്ടു. അഭിനയ ജീവിതത്തിൽ ഏറെ അഭിമാനം തോന്നിയത് ഡൽഹിയിൽ ഈ നാടകം കാണാൻ തിരക്കിനിടെ വന്ന ജവഹർലാൽ നെഹ്രു . അഭിനന്ദിച്ചപ്പോഴാണ് അരമണിക്കൂർ നാടകം കാണാൻ വന്ന നെഹ്രു മൂന്നര മണിക്കൂർ ഇരുന്ന് നാടകം കണ്ടു. തീർന്ന ഉടൻ ഗ്രീൻ റൂമിൽ വന്ന് ഞങ്ങളെ അഭിനന്ദിച്ചു. നാട്ടുകാരെ കമ്മ്യൂണിസ്റ്റാക്കുന്നു എന്നാക്ഷേപിച്ച ഒരു നാടകത്തെയാണ് നെഹ്റു അഭിനന്ദിച്ചതെന്ന് കൂടി ഓർക്കണം " .

"പിന്നെയോ കമ്മ്യൂണിസ്റ്റായതിൽ വിരോധമുള്ളവരുടെ ഏറ് കിട്ടി നെറ്റിയിൽ ചോരയുമൊലിപ്പിച്ച് ഞാൻ പാടിയിട്ടുണ്ട്. ഒക്കെ പാർട്ടി നൽകിയ കരുത്താണെന്നും കരുതിക്കോ. എനിക്ക് ഏറെയിഷ്ടപ്പെട്ട നാടക ആസ്വാദന സദസ്സ് മഞ്ചേരിയിലാണുള്ളത്. അത് പാട്ടായാലും നാടകമായാലും അവർ ഹൃദയം തുറന്ന് ആസ്വദിക്കും. ഒരിക്കൽ നാടകവുമായി ഞങ്ങൾ മഞ്ചേരിയിലെത്തി. മതം മാറ്റം പോലെ ആൾക്കാരെ മാറ്റാനാണ് 'കമ്മ്യൂണിസ്റ്റാക്കി നാടകക്കാർ ' ശ്രമിക്കുന്നത്. അതുകൊണ്ട് നാടകം കാണാൻ ആരും വരരുതെന്ന് ചിലർ നേരത്ത തന്നെ മഞ്ചേരിയിൽ പ്രചാരണം നടത്തി. ഞങ്ങൾ ചെല്ലുമ്പോൾ വിജനമായെ മൈതാനവും ശൂന്യമായ സ്റ്റേജും മാത്രം. തിരിച്ചു പോരാനുള്ള വണ്ടിക്കൂലി പോലും സമിതിക്കില്ല. "

ജനങ്ങളുടെ അംഗീകാരം

"പേടിച്ചും പകച്ചും നിൽക്കാത കൃത്യസമയത്ത് തന്ന നാടകത്തിന് മുന്നുള്ള കെ.പി.എ.സി യുടെ അവതരണഗാനം ഞങ്ങൾ പാടിത്തുടങ്ങി. ഞങ്ങളുടെ പ്രതീക്ഷ പോലെ ആളെത്താൻ തുടങ്ങി. അവതരണ ഗാനം തീർന്നപ്പോൾ തന്നെ മൈതാനം നിറഞ്ഞു. ആ കാലത്ത് മഞ്ചേരി കണ്ട ഏറ്റവും വലിയ ജനക്കൂട്ടത്തിന്റെ അകമ്പടിയോടെ ഞങ്ങൾ നാടകം നടത്തി. സംഘാടകർ പറഞ്ഞതിന്റെ ഇരട്ടി പണം സംഭാവനയായി കിട്ടുകയും ചെയ്തു. അതോടെ കെ.എസ് ജോർജ്ജും ഞാനുമടങ്ങുന്ന കെ.പി.എ.സി യുടെ പാട്ടുകൾ കേരളത്തിന്റെ വേദികളെ കീഴ്പ്പെടുത്തുകയായിരുന്നു. നാടക ഗാനങ്ങൾക്ക് ഇത്രയേറെ പ്രശസ്തി നൽകിയതിൽ കെ.എസ് ജോർജ്ജ് എന്ന ഗായകന്റെ പങ്ക് ചെറുതല്ല. പിന്നെ അനശ്വര നാടകങ്ങളുമായി ഞങ്ങൾ യാത്ര ആരംഭിച്ചു. അതിൽ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി , മുടിയനായ പുത്രൻ , സർവ്വേക്കല്ല്, അശ്വമേധം, ശരശയ്യ , മൂലധനം, മന്വന്തരം . ഭരതക്ഷേത്രം എന്നിവ എനിക്ക് മറക്കാൻ പറ്റുന്നതല്ല."

നിങ്ങെളെന്നെ കമ്യൂണിസ്റ്റാക്കിയതിലെ സുമാവലി , മുടിയനായ പുത്രനിലെ ചെല്ലമ്മ, സർവ്വേക്കല്ലിലെ വാസന്തി പിന്നെ സുലോചനയെ കുഷ്ഠ രോഗിയാക്കി കെ.പി.എ.സി വിരുദ്ധർ പ്രചാരണം നടത്തിയ അശ്വമേധം, ശരശയ്യ നാടകങ്ങളിലെ സരോജം , കേരളം മറക്കാത്ത നടന ചാതുര്യത്തിന്റെ വിസ്മയ ഭാവങ്ങൾ .

" നാടകത്തിന് നികുതി ചുമത്തി സമിതികളെ തളർത്താൻ ഭരണകൂടം ശ്രമിച്ചു. സമരവും ജീവിതവും ഒന്നായ ഞങ്ങൾ തെരുവിലിറങ്ങി. എന്നെയും അറസ്റ്റ് ചെയ്തു ലോക്കപ്പിലാക്കി. അച്ഛൻ പോലീസായതു കൊണ്ട് ഉപദ്രവമൊന്നും കിട്ടിയില്ല. പക്ഷേ പൂജപ്പുരയിലെ സ്റ്റേഷനീന്ന് വൈകുന്നേരമിറങ്ങുമ്പോൾ ഞാൻ കേട്ടത്. എനിക്കുറപ്പിച്ചുവച്ച എന്റെ വിവാഹം മാറിപ്പോയെന്ന് . ആഭരണം വരെ തീരത്തു വച്ച് കല്യാണമണ്ഡപം സ്വപ്നം കണ്ടിരുന്ന ഞാൻ .... പോലീസ് സ്റ്റേഷൻ കയറിയെന്ന പേരിൽ ഭാവിവരൻ എന്നെവേണ്ടായെന്ന് പറഞ്ഞതിൽ ആദ്യം ഞാൻ വിഷമിച്ചു. പിന്നെ പുച്ഛിച്ചു പതിന്നാലു വർഷം നീണ്ട കെ.പി.എ.സി ജീവിതത്തിൽ നിന്ന് ഇടയ്ക്ക് 1964-ൽ ഞാൻ കെ.പി.എ.സി വിട്ടു. പിന്നെ ചേർന്നത് 1975 ൽ . കാമ്പിശ്ശേരിയും പി.കെവിയും വിക്രമൻനായരും വന്നു. വിളിച്ചപ്പോഴായിരുന്നു മടക്കം. ഇടയ്ക്ക് അരപ്പവൻ, കാലം മാറുന്നു , കൃഷ്ണകുചേല എന്നീ സിനിമകളിൽ അഭിനയിച്ചു. "

" 1983 - ൽ ഞാൻ ഒരു സമിതി ഉണ്ടാക്കി ' കായംകുളം സംസ്കാര '. 12 നാടകം കളിച്ചു. 12-□□ വർഷം ഒത്തിരി നഷ്ടമുണ്ടാക്കിയപ്പോൾ സമിതി പിരിച്ചു വിട്ടു. അതിനും മുൻപ് എന്റെ ബന്ധുവും കലാകാരനും കെ.എസ്.ആർ.ടി.സി. ജീവനക്കാരനുമായ കലേശനെ ഞാൻ വിവാഹം ചെയ്തിരുന്നു. ഞങ്ങളുടെ സമിതിയുടെ ആദ്യ നാടകമായ 'ഭ്രാന്തരുടെ ലോകം സംവിധാനം ചെയ്തത് കെ.പി.എ.സിത്തറവാടിന്റെ ഗുരുവായ തോപ്പിൽഭാസിയായിരുന്നു."

സംസ്കാരയുടെ പേരിലുള്ള വിദ്യാലയത്തിലേയ്ക്ക് കുട്ടികളെത്തി. തബലയും മൃദംഗവും കീബോർഡും ഉണർന്നു. സുലോചന കുട്ടികളുടെ അടുത്തേയ്ക്കു നടന്നു. 51 വർഷംകൊണ്ട് പതിനായിരത്തിലേറെ നാടകവേദികൾക്കു ജീവൻ നൽകിയ അതുല്യ കലാകാരിയെ ഇപ്പോൾ കാലം അപ്പാടെ അനുസരിക്കുന്ന കുട്ടികൾ. സ്വരവും നാദവും നിറഞ്ഞ് മണി ഭവൻ മറ്റൊരു കെ.പി.എ.സി പോലെ നമുക്കു മുന്നിൽ തലയുയർത്തി നിൽക്കുന്നു.

വരും കാല സന്ധ്യകളിൽ കഥകേട്ടുറങ്ങാൻ വാശി പിടിക്കുന്ന കുഞ്ഞു മനസ്സുകൾക്കു കലയുടെ നേർരൂപമായ ഒരമ്മയുടെ , പാട്ടും നടനവും കൊണ്ട് ഒരു തലമുയെ അമ്പരപ്പിച്ച ആ പുണ്യജന്മത്തെിന്റെ ജീവിതം. മണ്ണും മനുഷ്യരും മരങ്ങളും ഉള്ളിടത്തോളംകാലം, അമ്പിളിമാമെനെ ചൂണ്ടി ഇങ്ങനെ പറയാൻ ; പണ്ടുപണ്ട് ഒരു വാനമ്പാടിയുണ്ടായിരുന്നു. സ്മരണകൾ ഇരമ്പുന്ന ബലികുടീരങ്ങളുടെ പടപ്പാട്ടുകാരായിരുന്നു. ആ വാനമ്പാടി. കതിരണിപ്പാടത്ത് കുളിരും കൊണ്ടോടി വരുന്ന കുളിർക്കാറ്റായിരുന്നു ആ വാനമ്പാടി : അഴലിൻ പഞ്ചാഗ്നി നടുവിലും നമുക്കുവേണ്ടി പാടിയ വാനമ്പാടി, ചില്ലിമുളംകാടുകളിൽ നിന്ന് ലല്ലലം പാടി വാനമ്പാടികളുടെയും ചക്രവർത്തിനിയാക്കുകയായിരുന്നു. ആ പുണ്യ ജന്മം എന്നിങ്ങനെ പറഞ്ഞു പഠിപ്പിക്കാൻ .

അമ്മയോടു മക്കൾ യാത്ര ചോദിക്കില്ലല്ലോ. വാത്സല്യം ചൊരിഞ്ഞ ചിരിയുമേറ്റുവാങ്ങി ഞാൻ മടങ്ങുമ്പോൾ കൃഷ്ണപുരത്തെ ചായക്കടയിൽ നിന്ന് ഒരച്ഛനും മകളും ചോദ്യോത്തരങ്ങളുമായി ഭക്തിഗാനം പാടുന്നു. ടേപ്പ് റിക്കാർഡിലൂടെ, മകളുടെ ചോദ്യം അമ്പിളിക്കല മുടിയിൽ ചൂടിയ ദൈവം ഏതാണച്ഛാ ? മറുപടി കേൾക്കും മുൻപ് എന്റെ മനസ്സിൽ മറ്റൊരു അമ്പിളിക്കലയുയർന്നു. ദുരിത ജീവിതത്തിന്റെ തീരാക്കയത്തിൽ വീണ് തുളഞ്ഞു കയറുന്ന വിശപ്പിനാൽ കരയുന്ന നാടിന്റെ മക്കളെ ചെറുത്തു നില്പിന്റേയും പോരാട്ടത്തിന്റേയും ബാലപാഠം. കലയിലൂടെ പഠിപ്പിച്ച് അനന്യ സുന്ദരമായ നാദത്താൽ കേരളമെമ്പാടും പാടിനടന്ന പൊന്നരിവാൾ അമ്പിളികൾ തീർത്ത വാനമ്പാടിയുടെ മുഖമായിരുന്നു മനസ്സിൽ അമ്പിളിക്കല പോലെ തിളങ്ങിയത്. അച്ഛന്റെ പാട്ടിലൂടെയുള്ള മറുപടി വരികളെത്തും മുൻപ് തൊട്ടു മുന്നിൽ അന്തിവെയിൽച്ചുവപ്പേറ്റു തിളങ്ങുന്ന കെ.പി.എ.സി യുടെ സായാഹ്നത്തിരക്കുകളിലേയ്ക്കായി എന്റെ ശ്രദ്ധ.

പറയാൻ ബാക്കിവച്ചത്

കലയും ജീവിതവും രണ്ടാണെന്ന് തിരിച്ചറിയണം.കലാലോകം വേദനയുടെ കൂമ്പാരം തരും,ജീവിതം ദുരിതങ്ങളുടെ കൂമ്പാരവും



അടുത്ത ലക്കത്തിൽ
4
അജയന്റെ കാത്തിരിപ്പ്



വൃക്ഷായുർവേദം



കെ ബിനു
Mob: 9447157072

മനുഷ്യർക്ക് രോഗം വന്നാൽ ചികിത്സ ഉണ്ട്. മൃഗങ്ങൾക്ക് രോഗം വന്നാൽ ചികിത്സ ഉണ്ട്. പക്ഷികൾക്ക് രോഗം വന്നാൽ ചികിത്സ ഉണ്ട്. അതുപോലെ മരങ്ങൾക്ക് രോഗം വന്നാലും ചികിത്സയുണ്ട്. ആ വിജ്ഞാന ശാഖയാണ് വൃക്ഷായുർവേദം.
പേരിൽ ഉള്ളതുപോലെ ആയുർവേദത്തിന്റെ ആവിർഭാവത്തിനു ശേഷമാണ് ഈ വിജ്ഞാനശാഖ രൂപമെടുത്തത്. ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുമ്പേ ഇന്ത്യയിൽ വൃക്ഷായുർവേദം പ്രചാരത്തിൽ ഉണ്ടായിരുന്നു. ചരകമഹർഷിയുടെ ചരക സംഹിത, സുശ്രുത സംഹിത, കൗടില്യന്റെ അർത്ഥശാസ്ത്രം, വരാഹമിഹിരന്റെ ബൃഹത്സംഹിത, അമരകോശം, അഗ്നിപുരാണം, ധർമ്മോത്തരപുരാണം തുടങ്ങിയ ഗ്രന്ഥങ്ങളിലൊക്കെ വൃക്ഷായർവേദത്തെ സംബന്ധിച്ച് പരാമർശങ്ങളുണ്ട്. ഈ ഗ്രന്ഥങ്ങളെല്ലാം സംസ്കൃതത്തിലാണ്. അതുകൊണ്ടുതന്നെ പഠനം ഏറെ ശ്രമ കരമാണ്.

ഏഴു വർഷങ്ങൾക്കു മുമ്പാണ് ഞാൻ മരചികിത്സാരംഗത്ത് എത്തുന്നത്. 25 വർഷത്തെ നിരന്തര പരിസ്ഥിതി അറിവ് കൂട്ടിനുണ്ട്. കേരള നദീസംരക്ഷണ സമിതിയുടെ സംസ്ഥാന ഉപഭാരവാഹിയാണ്. ഞങ്ങളുടെ സംസ്ഥാന കമ്മിറ്റി ചേരുന്നത് ആലുവയിൽ ആണ്. അവിടെ ദീർഘനാൾ സംഘടനയുടെ പ്രസിഡന്റ് ആയിരുന്ന അന്തരിച്ച എന്റെ പരിസ്ഥിതി ഗുരു ഡോ: എസ് സീതാരാമന്റെ വീട്ടിലാണ് ഞങ്ങൾ യോഗം ചേരുക. ചില പ്രധാന യോഗങ്ങൾ ആളുകൾ കൂടതലായാൽ അദ്ദേഹത്തിന്റെ വീട്ടിൽ നിന്നും തൊട്ടടുത്തുള്ള അന്നപൂർണ്ണ ഹോട്ടലിന്റെ മുകളിലുള്ള ചെറു ഹാളിലേയ്ക്ക് മാറ്റാറുണ്ട്. അങ്ങനെ വർഷങ്ങൾക്കു മുമ്പ് ഒരു മീറ്റിംഗ് അന്നപൂർണയിൽ ചേർന്നു. കമ്മിറ്റി കഴിഞ്ഞിറങ്ങിയപ്പോൾ ആലുവ ബാങ്ക് ജംഗ്ഷനിൽ ഒരു മഴ മരം നിന്നു കത്തുന്നു. നമ്മൾ വാകമരമെന്നോ, ഉറക്കം തൂങ്ങി മരമെന്നോ, റെയിൻ ടീ എന്നോ വിളിക്കാറുണ്ട്. പ്രസ്തുത മരത്തിന്റെ ചുവട്ടിൽ തൊട്ടടുത്ത കടക്കാർ ഉപയോഗം കഴിഞ്ഞ് കൂടുകൾ,
കവർ, പ്ലാസ്റ്റിക് സാധനങ്ങൾ ഇവ കൂട്ടി ഇട്ട് കത്തിക്കുന്നത് ഈ മരച്ചുവട്ടിലായിരുന്നു. മലയാളിക്ക് വേനൽ വന്നാൽ കരിയില, ചുള്ളിക്കമ്പുകൾ, ഉണങ്ങിയ സാധനങ്ങൾ ഇവയെല്ലാം തൂത്തുകൂട്ടി മരത്തിന്റെ ചുവട്ടിൽ ആക്കിയ ശേഷം വൈകുന്നേരമോ അതിരാവിലെയോ തീ ഇടുന്ന ദുശീലം നിലവിൽ ഉണ്ട്. മരം പൊള്ളി, ഉണങ്ങി, കേടുവന്ന് നശിക്കുന്നത് പതിവായിട്ടുണ്ട്. പാവം മരം എന്തു തെറ്റാണ് ചെയ്തത് ? എല്ലാവർക്കും ഓക്സിജൻ നൽകി, തണൽ നൽകി, ഫലങ്ങൾ നൽകി, സൂക്ഷ്മജീവികൾക്ക് അഭയം നൽകി. ആ മരത്തിന്റെ തടിയിൽ കാർബൺ ഡൈ ഓക്സൈഡ് ശേഖരിച്ച് വച്ചു. ജലം നൽകി. കിളികൾക്ക് കൂടൊരുക്കാനുള്ള അവസരം നൽകി. അങ്ങനെ മറ്റുള്ളവർക്കായി ജീവിക്കുന്ന മരത്തെയാണ് കേരളീയരായ ചിലർ തീ ഇട്ട് ഇഞ്ചിഞ്ചായി കൊല്ലുന്നത്.

ആ തീ കത്തുന്ന കാഴ്ച എന്നിൽ വേദന ഉണ്ടാക്കി. ഞാൻ സീതാ രാമൻ സാറിനോട് ചോദിച്ചു. എങ്ങനെ മരത്തെ രക്ഷപെടുത്താം ..... അദ്ദേഹം പറഞ്ഞു വഴിയുണ്ട്. അങ്ങനെ ഞങ്ങൾ അദ്ദേഹത്തിന്റെ വീട്ടി ലെത്തി വൃക്ഷായുർവേദമരുന്നുകൾ കൂട്ടിയെടുത്തു. മരത്തിനടുത്തെത്തി. അയൽപക്ക കച്ചവടക്കാരോട് ഇനിയും കത്തിക്കരുത് എന്നു പറഞ്ഞു. വെന്തഭാഗം വെള്ളം ഉപയോഗിച്ച് കഴുകി. മുറിവ് ഒപ്പി. തുടർന്ന് മരുന്ന് കൂട്ട് ഞങ്ങൾ തേച്ച് പിടിപ്പിച്ചു. കോറ തുണികൊണ്ട് ഞങ്ങൾ കെട്ടി നിർത്തി. സീതാരാമൻ സാർ മരിച്ചു. ആ മരം ഇന്നും ആലുവയിൽ തല ഉയർത്തി നിൽപ്പുണ്ട്.

(പ്രസ്തുത ചികിത്സാ രീതി പഠിക്കണമെന്ന ആഗ്രഹം ഉണ്ടായി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ച് പലപല പുസ്തകങ്ങൾ ശേഖരിച്ചു. ഇവ മിക്കവയും സംസ്കൃതത്തിലായതിനാൽ വേണ്ടത്ര അറിവ് എനിക്ക് ഉൾക്കൊള്ളാൻ സാധിച്ചില്ല. തുടർന്ന് മലയാള പരിഭാഷ തേടി. അത് കിട്ടി. പഠനവും പ്രയോഗവും ഒരുപോലെ മുന്നോട്ടു കൊണ്ടുപോയി. ഇന്ന് വൃക്ഷായുർവേദ ചികിത്സ നടത്തിയ മരങ്ങളുടെ എണ്ണം അന്യസം സ്ഥാനങ്ങളിൽ ഉൾപ്പെടെ 62 എണ്ണത്തിൽ എത്തി നിൽക്കുന്നു. ഇതിൽ 50-ൽ പരം ഇന്നും കേടുപാടുകൾ മാറി ജീവിച്ചിരിക്കുന്നു എന്നത് ഏറെ സന്തോഷം പകരുന്ന അനുഭവമാണ്.

വൃക്ഷം നിൽക്കുന്ന സ്ഥലത്തെ മണ്ണ്, കണ്ടത്തിൽ നിന്നെടുത്ത മണ്ണ്, ചിതൽപ്പുറ്റ് തെള്ളി എടുത്തത്, നാടൻ പശുവിന്റെ ചാണകം, നാടൻ പശുവിന്റെ പാൽ, നാടൻ പശുവിന്റെ നെയ്യ്, ചെറുതേൻ, കദളിപ്പഴം, എള്ള് ഇങ്ങനെ നീളുന്നതാണ് മരുന്നു കൂട്ടുകളുടെ ലിസ്റ്റ്. ചില ഇടങ്ങളിൽ താമരസമൂലം വേണ്ടിവരുന്നു. വേര്, പൂവ്, കായ, തണ്ട്, ഇല ഈ മരുന്നു കൂട്ടുകൾ സംഘടിപ്പിക്കുന്ന എന്നത് വിഷമമേറിയ പരിപാടിയാണ്. ഒരു മരത്തെ വീണ്ടും ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരാൻ നല്ല തുക ആവശ്യമായി വരുന്നു.

എന്റെ അനുഭവത്തിൽ കേരളീയന്റെ മനസിൽ തന്റെ വീടിനു ചുറ്റു മുള്ള പ്രദേശത്തെ ഏതെങ്കിലും ഒരു മരത്തോട് പ്രത്യേക സ്നേഹം ഉള്ളതായി തോന്നിയിട്ടുണ്ട്. ആ മരത്തിന് കേടു വന്നാൽ, ഇല കൊഴിഞ്ഞാൽ, വേരിന് പ്രശ്നമുണ്ടായാൽ ചീക്ക് രോഗം പോലുള്ള ഫംഗസ് രോഗങ്ങൾ പിടിപെട്ടാൽ ഇവ ശമിപ്പിക്കാൻ ഉതകുന്ന മരുന്ന് കൂട്ടുകൾ തേടി വിളി വരാറുണ്ട്.

ഏഴ് വർഷത്തിനിടയിൽ വൃക്ഷവൈദ്യൻ എന്ന അപരനാമം ആളു കൾ എനിക്കു നല്കി. എന്നോടൊപ്പം അഞ്ച് സുഹൃത്തുക്കളും ഉണ്ട്. അവരും ഈ ചികിത്സാരീതി പഠിച്ചു വരുന്നു. ഒരു മരത്തിന് രോഗമുണ്ടെന്ന് അറിഞ്ഞാൽ രണ്ടു രീതിയിലാണ് ഇടപെടുക. മരം നിൽക്കുന്ന സ്ഥലം തേടി ചെല്ലും. നേരിൽ കാണും. മരുന്ന് കൂട്ട് എഴുതി കൊടുക്കും. അതിനു സാധിക്കാതെ വന്നാൽ മരം നിൽക്കുന്ന സ്ഥലം, മണ്ണ്, അടുത്തുള്ള മരങ്ങൾ ഇവയുടെ പടം, വീഡിയോ ഇവ വാട്സ് ആപ്പിൽ പോസ്റ്റ് ചെയ്യുവാൻ ആവശ്യപ്പെടും. തുടർന്നാണ് ചികിത്സക്കുള്ള ഒരുക്കങ്ങൾ.

പലരും പലപ്പോഴായി ചോദിക്കാറുണ്ട്. ഇത്രയും പണം മുടക്കി എന്തി നാണ് ഈ മരത്തെ ചികിത്സ നടത്തുന്നത്. അത് വെട്ടിമാറ്റി പകരം ഒരു തൈ നട്ടാൽ പോരെ? വിറകുവില എങ്കിലും കിട്ടുമല്ലോ? നിരവധി ചോദ്യ ങ്ങളാണ്. എന്നാൽ മരമറിവ് ഇക്കൂട്ടർക്ക് തീരെ ഇല്ല. ഒരു ചെടി നട്ട് മര ത്തിന്റെ ധർമ്മം നിർവ്വഹിക്കാൻ തുടങ്ങണമെങ്കിൽ കുറഞ്ഞത് 15 വർഷ മെങ്കിലും വേണ്ടി വരും. ഒരു മരം നിർവ്വഹിക്കുന്ന പരിസ്ഥിതി ധർമ്മം എത്ര വലുതാണ്.

















മനുഷ്യ മൂലധനം പ്രകൃതിയെ കീഴ്പ്പെടുത്താറുണ്ട്. അവിടെ പാരിസ്ഥിതിക മൂല്യം കണ്ടെത്തുക എന്നതാണ് പരിസ്ഥിതി പ്രവർത്തകരുടെ കടമയാണ്. ഒരു മരം നിൽക്കുന്ന സ്ഥലത്ത് നിലവിലുള്ള ആവാസ വ്യവസ്ഥ ആ മരം ഇല്ലാതാകുന്നതോടുകൂടി അവസാനിക്കുന്നു. മരങ്ങളുടെ പാരിസ്ഥിതിക ധർമ്മം പൊതുസമൂഹം തിരിച്ചറിയുന്നില്ല. വേനൽ കടന്നു വരുമ്പോൾ മാത്രമാണ് മരത്തണൽ അന്വേഷിക്കുന്ന മല യാളിയെ കാണാൻ സാധിക്കുക.

എഴുപത് വർഷങ്ങൾക്കു മുമ്പ് കേരളത്തിൽ വൃക്ഷചികിത്സയും വൃക്ഷായുർവേദവും നിലനിന്നിരുന്നതായി അറിയാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത ചികിത്സാരീതി ഇപ്പോഴും നിലനിർത്താൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. മരങ്ങൾ സംസാരിക്കുന്നുണ്ട്. ആശയങ്ങൾ കൈമാറുന്നുണ്ട്. തീരു മാനങ്ങൾ എടുക്കുന്നുണ്ട്. അവ സഞ്ചരിക്കുന്നുണ്ട്. ഇങ്ങനെ ഉള്ള എല്ലാ സവിശേഷതകളും അവയ്ക്കുണ്ട്. സംസ്ഥാനത്തെ വനവിസ്തൃതിയിൽ തോട്ടങ്ങൾ വരെ ഉൾപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് വനവിസ്തൃതി കൂടി എന്ന് ഓരോ വർഷവും കണക്കുകൾ വെളിയിൽ വരുന്നു. പൊതു ഇടങ്ങളിലെ മരങ്ങൾ സംരക്ഷിക്കുന്നതിന് ജില്ലാ ട്രീ കമ്മറ്റികൾ സർക്കാർ ഫോം ചെയ്തിട്ടുണ്ട്. മരങ്ങളുടെ അപകടാവസ്ഥയും സംരക്ഷണവും വികസനത്തിനായിട്ട് എങ്ങനെ മരങ്ങൾ മുറിക്കാം തുടങ്ങി ഉള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് ജില്ലാ ട്രീ കമ്മറ്റികൾക്ക് നിലവിൽ അധികാരമുണ്ട്.
അട്ടപ്പാടിയിൽ ആദിമവാസികൾക്കിടയിൽ ഒരു ഗീതം തന്നെ നിലവിൽ ഉണ്ട്.

മണ്ണേ നമ്പി ലേ ലയ്യാമരമിറുക്ക്
മരത്തെ നമ്പി ലേ ലയ്യാകൊമ്പിറുക്ക്
കൊമ്പേ നമ്പി ലേ ലയ്യാഇലയിറുക്ക്
ഇലയെ നമ്പി ലേ ലയ്യാ കായിറുക്ക്
കായേ നമ്പി ലേ ലയ്യാ നാമിറുക്ക്

അതാണ് വൃക്ഷം മണ്ണിനേയും മരത്തേയും നമ്പിയാണ് മനുഷ്യജീവൻ നിലനിൽക്കുന്നതെന്ന ഗീതമാണ് മുകളിൽ ചേർത്തിട്ടുള്ളത്.

പരിസ്ഥിതി ശാസ്ത്രം എളുപ്പം പഠിച്ചെടുക്കുക സാധ്യമല്ല. കുറുക്കു വഴികൾ മുന്നിലില്ല. ജലം, വായു, മണ്ണ് എന്നിവയും അവയിലുള്ള മനുഷ്യർ, ഇതര ജീവജാലങ്ങൾ, സസ്യങ്ങൾ, സൂക്ഷ്മജീവികൾ , ഇതര ജീവജാലങ്ങൾ എന്നിവയ്ക്കും അവർക്കിടയിലും അവ തമ്മിലുള്ള പാരസ്പര്യത്തെയുമാണ് പരിസ്ഥിതി എന്ന പദം കൊണ്ട് നിർവ്വചിച്ചിരിക്കുന്നത്. ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും ലോകത്തെ പിടിമുറുക്കിയിരിക്കുന്നു. ഈ മാറ്റത്തിന് വികസിത രാജ്യങ്ങൾ എന്നോ വികസ്വര രാജ്യങ്ങൾ എന്നോ വേർതിരിവുകൾ ഇല്ല. പാരിസ്ഥിതിക സുരക്ഷയും, സുസ്ഥിര വികസനവും സാധ്യമാക്കണം.

കാലാവസ്ഥയ്ക്ക് അനുസരിച്ച് ഭക്ഷണരീതി നിലനിന്നിരുന്ന നാടാണ് നമ്മുടേത്. കേരളീയൻ പണ്ട് മലനാടൻ ആയിരുന്നല്ലോ. അതെ മലകളും സമതലങ്ങളോടും കൂടിയ നാട് അങ്ങനെ മലയാളി ആയി പിന്നീട് കേരളീയനായി. ചരിത്രകാരന്മാർ പറയുന്നത് ഓരോ ഏഴ് കിലോമീറ്ററിലും കേരളീയന്റെ സാംസ്കാരിക, ആചാര ജീവിതരീതികൾ ഇവയിലെല്ലാം മാറ്റം ഉണ്ടെന്നാണ്. ഭക്ഷണരീതി ഇപ്രകാരമായിരുന്നു.

താളും തകരേം മുമ്മാസം
ചേനേം ചേമ്പും മുമ്മാസം
ചക്കേം മാങ്ങേം മുമ്മാസം
അങ്ങനേം ഇങ്ങനേം മുമ്മാസം

അങ്ങനെ 12 മാസങ്ങളെ ബന്ധിപ്പിക്കുന്ന ഭക്ഷണ കലണ്ടർ കേരളീയന് സ്വന്തമായിരുന്നു. പലരും ഈ അടയാളപ്പെടുത്തലിനെ ദരിദ്ര കലണ്ടർ എന്നുവരെ കളിയാക്കി വിളിക്കാറുണ്ട്. നട്ടോനും ചുട്ടോനും തിന്നാൻ പറ്റാത്തതാണ് ഒരു വൃക്ഷമെന്ന പഴമൊഴിയും ഉണ്ട്. ഒരു സ്പാനിഷ് ഉദ്ധരണി കൂടി ഇവിടെ പ്രശസ്തമാണ്.

ദൈവം എപ്പോഴും മാപ്പു നൽകും
മനുഷ്യർ ചിലപ്പോഴും
എന്നാൽ പ്രകൃതി ഒരിക്കലും മാപ്പു നൽകില്ല!





ലേഖനം



വിയോജിപ്പിന്റെ രാഷ്ട്രീയം

രാജഗോപാൽ വാകത്താനം
ജനറൽ സെക്രട്ടറി,
കേരളയുക്തി വാദിസംഘം

വിയോജിക്കാനുള്ള അവകാശം ജനാധിപത്യത്തിന്റെ സുരക്ഷാ സുഷിരമാണെന്ന് 2019 ആഗസ്റ്റ് 28 ലെ അറസ്റ്റു നാടകത്തെ തുടർന്ന് സുപ്രീം കോടതി വ്യക്തമാക്കിയതാണ്. ഭീമകൊറേഗാവ് സംഭവുമായി ബന്ധപ്പെട്ട് സുധാഭരദ്വാജ്, വരവര റാവു, ഗൗതം നവ്‌ലക്ക്, അരുൺ ഫെറേറ, ഗോൺസാല്‌വസ് എന്നിവരെ UAPA ചുമത്തി അറസ്റ്റ് ചെയ്തതിനെതിരെയായിരുന്നു സുപ്രീംകോടതിയുടെ വിധി. അതിനുമുമ്പും മനുഷ്യാവകാശ പ്രവർത്തകരെയും സാമൂഹ്യ പ്രതിബദ്ധരായ എഴുത്തുകാരെയുമൊക്കെ അറസ്റ്റ് ചെയ്തിരുന്നു. എല്ലാവർക്കുമെതിരെ ചുമത്തപ്പെട്ട കുറ്റം രാജ്യദ്രോഹമായിരുന്നു. ഇപ്പോഴിതാ കർഷകസമരത്തെ പിന്തുണച്ച ദിഷാരവിയെയും കൽത്തുറങ്കിലടച്ചത് അതേ ന്യായത്തിലാണ്.

ബ്രിട്ടീഷ് ഭരണത്തിനെതിരെ പ്രതികരിക്കുന്നവരെ നിശ്ശബ്ദരാക്കാൻ അവർ പടച്ചുണ്ടാക്കിയതാണ് IPCയിലെ 121 മുതലുള്ള പത്തു നിയമങ്ങൾ. അതോടൊപ്പം കൂട്ടിച്ചേർക്കപ്പെട്ടതാണ് 124(A) എന്ന ദേശദ്രോഹ നിയമം. ഭരണകൂട നിയമങ്ങളോടുവിയോജിക്കുന്നതോ പ്രതിഷേധിക്കുന്നതോ ഒക്കെ ഇതനുസരിച്ചു ദേശദ്രോഹമാണ്. എന്നാൽ ഇതു ഭരണഘടന Article 19 ന് കടകവിരുദ്ധമാണ് (അഭിപ്രായ സ്വാതന്ത്ര്യവും ആവിഷ്ക്കാരാവകാശവും) എന്നു കണ്ടെത്തിയതിനെ തുടർന്നാണ് സുപ്രീംകോടതി വിവിധ അവസരങ്ങളിൽ വിയോജിപ്പിനുള്ള അവകാശം പൗരാവകാശമാണെന്നു പ്രഖ്യാപിച്ചിട്ടുള്ളത്. 2009 ൽ ബ്രിട്ടനിൽ ഈ നിയമം റദ്ദാക്കപ്പെട്ടു. ഇന്ത്യൻ ഭരണഘടനയിൽ ദേശദ്രോഹനിയമം ഉൾപ്പെടുത്താനുള്ള ഭരണഘടനാ നിർമ്മാതാക്കൾ തയ്യാറായില്ല. കാരണം ഗാന്ധിജിക്കും മറ്റുമെതിരെ ഉപയോഗിക്കപ്പെട്ടതായിരുന്നു ഈ നിയമം.

ലോക ശ്രദ്ധയാകർഷിച്ച ഐതിഹാസികമായ കർഷകസമരത്തെ പിന്തുണച്ചുകൊണ്ട് ഗ്രേറ്റ ട്യൂൺബർഗ് എന്ന വിശ്വപ്രസിദ്ധ സ്വീഡിഷ് വിദ്യാർത്ഥിനിയുടെ പോസ്റ്റിനെ പിന്തുണച്ചു എന്നതാണ് ദിഷാ രവിക്കുമേൽ കർണ്ണാടക പോലീസ് കണ്ടെത്തിയ കുറ്റം. വീട്ടിൽ നിന്നു കസ്റ്റഡിയിലെടുത്ത ദിഷയെ അവിടെ കോടതിയിൽ ഹാജരാക്കുന്നതിനുപകരം രായ്ക്കുരാമാനം, ഡൽഹിയിലെത്തിച്ചു റിമാന്റു ചെയ്യിച്ചു എന്നതാണ് ഭയാനകം. അറസ്റ്റിലാകുന്ന വ്യക്തിക്കു ലഭിക്കേണ്ട നിയമസഹായം പോലും നിഷേധിച്ചുകൊണ്ടാണ് അടിയന്തിരാവസ്ഥയെ അനുസ്മരിപ്പിക്കുന്ന ഈ മ്ലേച്ഛ നടപടി. 2016 ൽ വെറും 35 കേസുകളാണ് ഫയൽ ചെയ്യപ്പെട്ടതെങ്കിൽ 2019 ൽ 93 ആയി മോദി വർദ്ധിപ്പിച്ചു. ഏറ്റവുമധികം കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത് (195) യോഗിയുടെ യു.പിയിലാണ്. പ്രത്യേകിച്ചും CAA പ്രക്ഷോഭകാലത്ത്.





ദേശസ്നേഹം എന്നത് ദേശത്തിലെ മണ്ണിനോടുള്ള പ്രേമമല്ല, ജനങ്ങളോടുള്ള പ്രതിബദ്ധതയാണ്.എന്നാൽ ഫാസിസ്റ്റുകൾക്ക് ദേശീയതയും, ദേശസ്നേഹവും രാജ്യഭക്തിയുമൊക്കെ അവരുടെ വംശീയവാദത്തിന്റെയും ഏകാധിപത്യത്തിന്റെയും ഉരകല്ല് മാത്രമാണ്. തങ്ങൾക്കെതിരായ ഏത് ആശയത്തെയും ദേശ/മത ന്യായങ്ങൾകൊണ്ട് അവർ പ്രതിരോധിക്കും. ഗോൾവർക്കർ വളരെ പച്ചയായി തന്നെ മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, കമ്മ്യൂണിസ്റ്റുകൾ എന്നിവരെ ദേശദ്രോഹികളായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇന്ന് ഇതിനും അപ്പുറത്തേക്കു കടന്ന്, ദലിതുകൾ,, സാംസ്കാരിക/മനുഷ്യാവകാശ പ്രവർത്തകർ, എഴുത്തുകാർ ഒക്കെ ശത്രുക്കളായി മുദ്രകുത്തപ്പെട്ടിരിക്കുന്നു. ഏറ്റവും സമാധാനപരമായ സമരങ്ങൾപോലും ദേശദ്രോഹമായി പ്രഖ്യാപിച്ച് അടിച്ചമർത്തുന്നു. ലോകശ്രദ്ധയാകർഷിച്ച ഐതിഹാസികമായ കർഷക സമരത്തെ കൈകാര്യം ചെയ്യാൻ പൊതുവഴികൾ ഇളക്കിമറിച്ചും കെട്ടിയടച്ചും പോലീസിനെ ഉപയോഗിച്ചും നടത്തുന്ന അക്രമങ്ങൾ മാത്രം മതി ഇതിനു തെളിവ്. അതിനെ പരാമർശിക്കുന്നതുപോലും കുറ്റകരമാണ് എന്നതിന്റെ സാക്ഷ്യമാണ് ദിഷാരവിയും.





പോലീസിനുപുറമേ EDയേയും NIAയും ഉപയോഗിച്ച് പ്രതിഷേധിക്കുന്നവരെ ഒതുക്കുന്ന ഭരണകൂട ഭീകരതയും കണ്ടുകഴിഞ്ഞു. എന്നാൽ അതിനേക്കാൾ ഭയപ്പെടുത്തുന്നത് പ്രതിപക്ഷ പാർട്ടികളുടെ നിഷ്ക്രിയത്വമാണ്. കോൺഗ്രസും ഇടതുപക്ഷ പാർട്ടികളും തമ്മിലടിക്കുന്നതിൽ മത്സരിക്കുകയാണ്. ദേശീയതലത്തിൽ ജനാധിപത്യത്തിനുവേണ്ടിയുള്ള ഐക്യനിരയില്ല. അതുതന്നെയാണ് ബിജെപിയുടെ വിജയവും. പണ്ടൊക്കെ 'മുഖ്യശത്രു' എന്നൊരു തന്ത്രഭാഷ്യമുണ്ടായിരുന്നെങ്കിൽ ഇപ്പോൾ അതും ഇല്ലാതായിരിക്കുന്നു. തിരഞ്ഞെടുപ്പു ഗോദകളിലെ മതമാത്സര്യം തന്നെയാണ് അവരും എടുത്തു പ്രയോഗിക്കുന്നത്.

അഞ്ചാറുവർഷം കൊണ്ട് ഇന്ത്യൻ ഭരണഘടനാ സ്ഥാപനങ്ങളെ മോദി ഗവണ്മെന്റ് ഇല്ലാതാക്കിയിരിക്കുന്നു. നോട്ടുനിരോധനം, GST എന്നിവയ്ക്കു പുറമെയാണ് പ്ലാനിങ് കമ്മീഷൻ, യുജിസി, സിബിഐ, റിസർവ്വ് ബാങ്ക് എന്നിവയെപ്പോലും ദുർബലപ്പെടുത്തിയിരിക്കുന്നത്. കോർപ്പറേറ്റുകൾക്കായി രാജ്യം വിറ്റു തീർക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ ഏതാണ്ട് ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. ഇതിനെയൊന്നും ഫലപ്രദമായി പ്രതിരോധിക്കാൻ പ്രതിപക്ഷകക്ഷികൾക്കു കഴിയുന്നില്ല. സമൂഹത്തെ ഉണർത്തേണ്ട എഴുത്തുകാരും ബുദ്ധിജീവികളും നിശബ്ദമായിരിക്കുന്നു. ഭീതികരമായ ഒരു സാമൂഹ്യരാഷ്ട്രീയ അന്തരീക്ഷത്തിൽ സ്വേച്ഛാധിപത്യ ഭരണം അഭംഗുരം മുന്നേറുന്നു. ദിഷാരവിയുടെ അന്യായമായ അറസ്റ്റിൽ പ്രതിഷേധിക്കാനാവുന്നില്ലെങ്കിൽ ജനാധിപത്യത്തെക്കുറിച്ചുള്ള ചർച്ചകൾ അപ്രസക്തമാണ്.

ദിഷയ്ക്ക് ജാമ്യം അനുവദിച്ചുകൊണ്ട് ദൽഹിഅഡീഷണൽ സെഷൻസ് ജഡ്ജിന്റെ വിധി ഭരണഘടനയെ മുറുകെ പിടിക്കുന്നതാണ്. 'അഭിപ്രായ വ്യത്യാസം, വിയോജിപ്പ്, വിസമ്മതം തുടങ്ങിയവ മൗലികാവകാശപ്രഖ്യാപനങ്ങളാണ്. ഭരണകൂടത്തിന്റെ പൊങ്ങച്ചത്തിനു മുറിവേല്ക്കുന്നു എന്നത് ദേശദ്രോഹമാകുന്നില്ല". ഇത് ഉയർത്തിപ്പിടിക്കേണ്ട നിലപാടാണ്.

കട്ടിൽ





ജയപ്രകാശ് എറവ്.
തൃശ്ശൂർ
9496788683.

ഭാഗം വെച്ചപ്പോൾ കിട്ടിയ
നിധികളിലൊന്നായിരുന്നു
" കരിവീട്ടിയിൽ "തീർത്തൊരീ
കട്ടിൽ.
തലമുറകൾ കിടന്ന് തഴമ്പിച്ചത്,
വിയർപ്പ് പൊടിഞ്ഞത് ,
ഭോഗിച്ച് മതിമറന്നത്.
വല്ലാത്തൊരിഷ്ടവും , പ്രണയവും
തോന്നി.
അതുകൊണ്ട് തന്നെ കൂടെ കൂട്ടി.

നിലത്ത് പുൽപ്പായ വിരിച്ച്
പ്രിയതമയെ കെട്ടി
പുണർന്നുറങ്ങിയ
നാളുകളോട് വിട പറഞ്ഞു.
കട്ടിലിൽ നീണ്ട് നിവർന്ന്
കിടന്നു.
തിരിഞ്ഞും മറിഞ്ഞും കിടന്നു.

എഴുന്നേറ്റിരുന്ന് കാലുകളെ
ചുംബിച്ചു.
കൈക്കൊണ്ട് തടവി,
ഉമ്മ വെച്ചു ,
സർവ്വത്ര മിനുസം,
പഴമയിൽ നിന്ന് -
പുതുമയുടെ ചൂര് .


പുറത്ത് നിന്ന് വന്നാൽ
ഇറയത്തുള്ള ഇരിപ്പിന് വിട
ചൊല്ലി.
മുറിയിൽ അതൊറ്റയ്ക്ക് -
പഴയകാര്യങ്ങളോർത്ത്
നെടുവീർപ്പിടുന്ന പോലൊരു
തോന്നൽ.

എന്റെ കെട്ടിപുണരലിലൊന്നും
കട്ടിലാടാറില്ല.
കിതപ്പുകളിൽ അസ്വാര്യം ചൊരിഞ്ഞതുമില്ല.
ഞാൻ വെറുതെയൊന്ന് ചിന്തിച്ച് പോയി ,
" ജീവനില്ലാത്ത പലതിനും
ജീവൻ കൊടുത്തിരുന്നുങ്കിൽ
അവർക്കെന്തൊക്കെ പങ്കിടാനുണ്ടാവും ...?
അതു പറയും തീർച്ച.

ആദ്യം മുതൽ ,
അവസാനം വരേ .
കഥകളായും , കടങ്കഥയായും
ചിലത് കരയിപ്പിച്ചും
ചിലത് സുഖപ്പിച്ചും തലോടും.
മതിവരാത്ത പലതുകൾക്കും
കൊതിതീരാത്ത ചെപ്പുകൾ തുറക്കും.
കാണാത്തതിനെ
കണ്മുന്നിൽ തെളിച്ചമായി നില്ക്കുന്ന
നിമിഷങ്ങൾ സമ്മാനമായി തരും.

പകലിന്റെ വെളിച്ചംകെട്ട്
രാത്രി ചെറുവെളിച്ചത്തിലേക്ക്
ഉടുത്തൊരുങ്ങിയ പെണ്ണിനെ പോലെ ...!
വല്ലാത്തൊരു മണം വന്ന് പൊതിഞ്ഞ് -
എന്നെ തളർത്തി കിടത്തും.
ഉടയാടകൾ സ്ഥാനം മാറിയ -
നെഞ്ചിന്റെ ചൂടിൽ
എന്റെ ഭാരത്തെ,
കനം കുറച്ച് കുറച്ച് മാറ്റി തീർക്കും കട്ടിൽ.

****



പരിസ്ഥിതിയെ മറക്കാനുള്ളതല്ല

റവ ഫാ ജെസ് വിൻ യെദി ചാക്കോ
മിഷണറി ഛത്തീസ്ഗഡ്
9526250759

ഇല്ലാതാകുന്ന പച്ചപ്പിനെയും താറുമാറാകുന്ന പരിസ്ഥിതിയെപ്പറ്റിയും ഓർമ്മിക്കാൻ ലോകപരിസ്ഥിതി ദിനം.മേലണ്ണാക്കും നാവും പൊട്ടിച്ചിതറി നരകയാതന അനുഭവിച്ച് ചെരിഞ്ഞ ഗർഭിണിയായ ഒരു പിടിയാനയുടെ ചോരയിൽ ചവിട്ടിനിന്നുകൊണ്ട് വീണ്ടും ഒരു പരിസ്ഥിതി ദിനം ആചരിക്കുകയാണ്.

സഹജന്തുജാലങ്ങളോട് കരുണയില്ലാത്ത പ്രകൃതി ചൂഷണം,തീരാത്ത ആർത്തി,എല്ലാ പരിധികളും ലംഘിക്കുന്ന മലിനീകരണം ആവർത്തിക്കുന്ന കൊടും വേനലും പെരും പ്രളയവും പരിസ്ഥിതി ദിനത്തിൽ നിന്ന് തിരിഞ്ഞു നോക്കുമ്പോൾ കാഴ്ചകൾ ശുഭകരമല്ല.ഒരു ദിനാചരണത്തിലും ഒരു മരത്തെ നടുന്നതിലും തീരുന്നതല്ല നമ്മുടെ ഉത്തരവാദിത്വം.ഒറ്റക്കൊരു നിലനിൽപ്പ് സാധ്യമല്ലെന്നും എല്ലാ ജീവജന്തുജാലങ്ങളെയും സ്വന്തം വംശവൃക്ഷത്തിലെ ചില്ലകളാണെന്നുള്ള ബോധ്യം നാം ഓരോരുത്തരിലും ഉണ്ടാകണം.

മഹാവ്യാധിയുടെ കാലത്താണ് ഈ പരിസ്ഥിതിദിനം കടന്നു പോകുന്നത്.ലോക്ഡൌൺ കാലത്ത് മനുഷ്യൻ വീടുകളിലേക്ക് മടങ്ങിയപ്പോൾ പ്രകൃതി അതിന്റെ സ്വാഭാവികതയിലേക്ക് മടങ്ങുന്ന കാഴ്ച കണ്ടു.കിളിയൊച്ചകൾ തിരികെയെത്തി,അരുവികളും,ആകാശവും തെളിഞ്ഞു,പൂക്കൾ പുഞ്ചിരിച്ചു.

മനുഷ്യന്റെ ഇടപ്പെടൽ കുറയും തോറും സ്വച്ഛമാകുന്ന പ്രകൃതി നല്ല സൂചനയല്ല.ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറഞ്ഞു കാർബൺ ബഹിർഗമനം പരമാവധിയില്ലാത്ത മാലിന്യമൊഴിഞ്ഞ സുസ്തിരമായ കാലാവസ്ഥയുള്ള വിസ്തൃതവനങ്ങളും പച്ചപ്പും പ്രകൃതി സൌഹൃദ ബോധമുള്ള മനഷ്യരും നിറഞ്ഞ നല്ല ഭൂമി അടുത്ത തലമുറയ്ക്കു കൈമാറാൻ നമ്മുക്ക് കഴിയണം.

നമ്മൾ കുടിക്കുന്ന വെള്ളം,ശ്വസിക്കുന്ന വായു,നമ്മളെ പൊതിയുന്ന വെളിച്ചം,കഴിക്കുന്ന ആഹാരം മനുഷ്യന്റെ ആവശ്യത്തിനുള്ളതെല്ലാം ഈ ഭൂമിയിലുണ്ട്.എന്നാൽ അത്യാർത്തിക്കുള്ളതില്ല എന്ന ഗാന്ധി വചനം എന്നത്തേക്കാളിന്നു പ്രശസ്തമാകുന്നു.


1972ജൂൺ5മുതലാണ് ഐക്യരാഷ്ട സഭ ലോകപരിസ്ഥിതി ദിനാചരണത്തിന് തുടക്കം കുറിച്ചത്.ചിന്തിക്കാനും,പ്രവർത്തിക്കാനും ശേഷിയുള്ള മനുഷ്യവർഗ്ഗം ചെയ്തുകൂട്ടുന്ന അതിക്രമങ്ങളാണ് ഇന്ന് നമ്മുടെ പരിസ്ഥിതി നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.അത്തരം ചൂഷണം തടഞ്ഞില്ലെങ്കിൽ സുനാമി,ഭൂകമ്പങ്ങൾ,പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയ രൂപങ്ങളിൽ പ്രകൃതി തന്നെ തിരിച്ചടിക്കാൻ തുടങ്ങുന്നു.

ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങൾ പലതും അതിനു തെളിവാണ്.വികസനം എല്ലാ രാജ്യത്തിന്റെയും പുരോഗതിയ്ക്ക് അനിവാര്യമാണ്.പക്ഷെ നമ്മുടെ പ്രകൃതിയെയും,ആവാസവ്യവസ്ഥയെയും തകർത്തുകൊണ്ടുള്ള വികസനം കൊണ്ട് ആർക്ക് എന്ത് ഗുണം?ആയതിനാൽ പരിസ്ഥിതി സൌഹൃദപരമായ വികസനത്തിന് സർക്കാരും ജനങ്ങളും ഏറെ പ്രാധാന്യം നൽകണം.

- ഭൌതിക സൌകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്ന സാഹചര്യത്തിൽ പരിസ്ഥിതി സംരക്ഷണത്തിനു വേണ്ട ശ്രദ്ധകൊടുത്തില്ലെങ്കിൽ ഭാവിയിൽ വൻ പ്രതിസന്ധികൾ നേരിടേണ്ടിവരും.

പുരോഗതിയിലേക്കുള്ള പ്രയാണത്തിനിടയിൽ മനുഷ്യനിൽ വിവേകവും നന്മയും ഇല്ലാതാകുന്നതാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.ഇതിനു പ്രധാന കാരണം ശാസ്ത്ര സാങ്കേതികവിദ്യയുടെ വളർച്ചയാണ്. പ്രകൃതിയ്ക്ക് കീഴടങ്ങി ജീവിച്ചിരുന്ന മനുഷ്യൻ പ്രകൃതിയെ കീഴടക്കാൻ തുടങ്ങിയിരിക്കുന്നു. സ്ഥാനത്തും അസ്ഥാനത്തും പ്രകൃതിയെ കാലഭേദമില്ലാതെ ചൂഷണം ചെയ്തത് വിഭവങ്ങളുടെ ലഭ്യത പ്രതിസന്ധിയിലാക്കി.

**"കാടാണല്ലോ മഴയുടെ കൂട്
കാടാണല്ലോ പുഴയുടെ വീട്
കാടുംമേടും വെട്ടിമുറിച്ചാൽ
മഴയും പുഴയും കാണില്ല"**



എന്ന മുദ്രാവാക്യം കൂടുതൽ അവബോധം നമ്മുക്ക് നൽകുകയാണ്. വനങ്ങൾ,പുൽമേടുകൾ,മലകൾ,തണ്ണീർത്തടങ്ങൾ തുടങ്ങിയ വിവിധ ആവാസവ്യവസ്ഥകളുടെ നിലനിൽപ്പിനെ അടിസ്ഥാനമാക്കിയാണ് ആഗോളതലം മുതൽ പ്രാദേശിക തലംവരെയുള്ള ജലസ്രോതസ്സുകളും ജലസുരക്ഷയും നിലനിൽക്കുന്നത്.ജലത്തിന്റെ ഗുണനിലവാരം,ജലലഭ്യത എന്നിവ ഉറപ്പാക്കുന്നതിൽ ആവാസവ്യവസ്ഥകൾക്ക് വലിയ പങ്കുണ്ട്



ചെറുതും വലുതുമായ ഓരോ ആവാസവ്യവസ്ഥയേയും സംരക്ഷിക്കുവാനും അതിലൂടെ ജൈവവൈവിധ്യം പരമാവധി നിലനിർത്താനുമാണ് നാം ശ്രമിക്കേണ്ടത്.കീടനാശിനികൾ മനുഷ്യന്റെ നിലനിൽപ്പിന് ഭീക്ഷണിയാണ്. ഇവയുടെ അനിനിയന്ത്രിതമായ ഉപയോഗം മനുഷ്യന് ദിവസേന രോഗങ്ങൾ സമ്മാനിക്കുന്നു.മരങ്ങളും കാടുകളും സംരക്ഷിക്കുക,വനപ്രദേശങ്ങൾ വിസ്തൃതമാക്കാൻ ശ്രമിക്കുക അതുവഴി ആഗോള പാരിസ്ഥിതിക സന്തുലനവും കാലാവസ്ഥ സുസ്തിരതയും ഉറപ്പാക്കുക എന്നതാണ് പരിസ്ഥിതി ദിനാചരണത്തിന്റെ ലക്ഷ്യം.

ഭൂമിയെ സംരക്ഷിക്കാൻ അടുത്ത തലമുറയ്ക്ക് നല്ല നാളെയുടെ അനുഭവങ്ങൾ സമ്മാനിക്കുവാൻ നമ്മുക്ക് ഓരോരുത്തർക്കും ഉത്തരവാദിത്വം ഉണ്ട്.അതാണ് നമ്മുക്ക് നൽകുവാൻ കഴിയുന്ന ഏറ്റവും വലിയ നന്മയുള്ള സമ്മാനം

"മണ്ണിൻ ചോര ഞരമ്പുകളല്ലോ
പുഴയും തോടും കാട്ടാറും
മണ്ണിൻ വൃക്കകളാകും മണലും
മണ്ണിൻ മണിപ്പോൽ കാത്തീടാം"



ലേഖനം

കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളും നായകന്മാരും



പി എസ്.പ്രസാദ്
പ്രസിഡന്റ്,അക്ഷര



വൈക്കം സത്യാഗ്രഹം

നവോത്ഥാനം എന്ന പേരിൽ അറിയപ്പെടുന്ന സാമൂഹ്യവും,സാംസ്ക്കാരികവുമായ ഉണർവ്വിന്റെ കേന്ദ്രം യൂറോപ്പാണെന്ന് ചരിത്രപുസ്തകങ്ങൾ നമ്മെ പഠിപ്പിക്കുന്നു.എന്നാൽ ചൈനയും,അറേബ്യയും,ഈജിപ്റ്റും,മെസപ്പെട്ടോമിയയും അടക്കമുള്ള സാംസ്ക്കാരിക നവോത്ഥാനത്തിന്റെ ആദ്യ പഥികരെ അവഗണിച്ചുകൊണ്ട് നവോത്ഥാനത്തെപ്പറ്റി ചിന്തിക്കുവാനാവില്ല.

ഇന്ത്യയിൽ19-നൂറ്റാണ്ടിൽ ഉദയം ചെയ്ത നവോത്ഥാന പ്രസ്ഥാനങ്ങളുടെയെല്ലാം ഉദയത്തിനു പിന്നിൽ പശ്ചാത്യ ആശയങ്ങളുടെ സ്വാധീനമുണ്ടായിരുന്നു.സ്വാതന്ത്ര്യം, സമത്വം,സാഹോദര്യം,ജനാധിപത്യം തുടങ്ങിയവയെ സംബന്ധിച്ചുള്ള പാശ്ചാത്യ സങ്കല്പങ്ങൾ ഇന്ത്യയിലെ നവോത്ഥാന നായകരെയും അവരുടെ കർമ്മ മണ്ഡലത്തെയും ആശയ ലോകത്തെയും പ്രചോദിപ്പിച്ചിരുന്നു എന്ന കാര്യത്തിൽ സംശയമില്ല.1828-ൽരൂപം കൊണ്ട ബ്രഹ്മസമാജം,18667ലെ പ്രാർത്ഥന സമാജവും,1875ലെ ആര്യസമാജവും എന്നീ പ്രസ്ഥാനങ്ങൾ ആത്മീയതയിൽ അധിഷ്ഠിതമായ മാനവീയ സംസ്ക്കാരത്തിന്റെ ഉയർത്തെഴുന്നേല്പായിരുന്നു.19-□□ നൂറ്റാണ്ടിൽ ഉദയം കൊണ്ട നിരവധി സാമൂഹ്യ പ്രസ്ഥാനങ്ങളും ,സാമുദായിക സംഘടനകളും കേരളത്തിന്റെ സാംസ്ക്കാരികവും സാമുദായികവുമായ ഉയർത്തെഴുന്നേല്പിന് ഈടുറ്റ സംഭാവനകൾ നല്കിയിട്ടുണ്ട്.

ബ്രാഹ്മണമേധാവിത്വത്തിന്റെറ അടിസ്ഥാന ശിലയായ പൌരോഹിത്യവും സവർണ്ണാധികാര ഘടനയും നിലനിർത്തേണ്ടത് സവർണ്ണാധികാര മോഹികളുടെ ആവശ്യമായിരുന്നതിനാൽ തങ്ങളുടെ അധികാരാവകാശങ്ങളും ആചാരവിശ്വാസങ്ങളും നിലനിർത്താൻ കീഴാള ജനതയെ സമൂഹത്തിന്റെ സമസ്ത മേഖലകളിൽ നിന്നും അകറ്റിനിർത്തി അധ;കൃതന്റെ വിദ്യാഭ്യാസം,പാർപ്പിടം,തൊഴിൽ,ഭ ക്ഷണം,വസ്ത്രം,സഞ്ചാരം,ദൈവവി ശ്വാസം തുടങ്ങിയ അവകാശങ്ങൾ തീരുമാനിക്കാനും നിശ്ചയിക്കാനുമുള്ള അവകാശം കാലങ്ങളോളം അവർ കൈയ്യടക്കിവച്ചു.ജനസംഖ്യയിൽ കുറവായിരുന്നിട്ടും സമ്പത്തും,ഭൂഉടമസ്ഥാവകാശവും അവർക്കായിരുന്നു.അതുവഴി സമൂഹത്തിന്റെ സമസ്ത മേഖലയിലും അവർ അധികാരം സ്ഥാപിച്ചു.ബ്രാഹ്മണ മേധാവിത്വംഅവർണ്ണ ജാതികൾക്കെതിരെ സൃഷ്ടിച്ച ജാതി വ്യവസ്തയുടെ ഉരുക്കു ചങ്ങല അഴിക്കും തോറും കുരുക്കു മുറുകുന്ന നീരാളിപ്പിടുത്തമായി രൂപപ്പെട്ടു.ഈ ചങ്ങല പൊട്ടിച്ചെറിയാൻ പല പ്രദേശങ്ങളിൽ നിന്നും വിവിധ മണ്ഡലങ്ങളിൽ നിന്നും നിരവധി ശ്രമമുണ്ടായി.എന്നാൽ ഇവയൊന്നും ചരിത്ര പുസ്തകങ്ങളിൽ രേഖപ്പെടുത്തുകയുണ്ടായില്ല.

പൊതുവഴിയോ പൊതുവിദ്യാഭ്യാസമോ ഇല്ലാതെ ജാതിവ്യവസ്തയുടെ കനത്ത നുകത്തിനു കീഴിൽ ആടുമാടുകളെപ്പോലെ ജീവിച്ചു മരിച്ച കീഴാള ജാതിക്കാരുടെ പൂർവ്വികർക്ക് ആത്മബോധത്തിന്റെയും പ്രത്യാശയുടെയും ആദ്യാക്ഷരങ്ങൾ ഉരുവിട്ടുകൊടുത്ത നവോത്ഥാന നായകനായിരുന്നു സഹോദരൻ അയ്യപ്പൻ.മനുഷ്യനെന്ന പരിഗണനപോലും നൽകാതെ മൃഗങ്ങൾക്കു നല്കുന്ന മാന്യത കൽപ്പിക്കാതെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ഒഴിവാക്കി നിർത്തിയ കീഴാള ജാതിക്കാരെ സംഘടിപ്പിക്കാനും അവരുടെ സാമൂഹികവും വിദ്യാഭ്യാസപരവും സാംസ്ക്കാരികവുമായ പുരോഗതിക്കുവേണ്ടി ജീവിതം തന്നെ മാറ്റിവച്ച സഹോദരൻ അയ്യപ്പൻ നവോത്ഥാന നായകരിൽ പ്രമുഖനാണ്.

വൈകുണ്ഠസ്വാമികൾ,ആറാട്ടുപുഴ വേലായുധപ്പണിക്കർ,തൈക്കാട്ട് അയ്യാഗുരു സ്വാമികൾ,പൊയ്കയിൽ അപ്പച്ചൻ,അയ്യൻകാളി,കെ.പി.കറുപ്പൻ,കെ. പി.വള്ളോൻ,ചട്ടമ്പിസ്വാമികൾ,മക്തിതങ്ങൾ, ചാവറഅച്ചൻ, ശ്രീനാരായണ ഗുരു തുടങ്ങിയവർ കേരള നവോത്ഥാന ചരിത്രത്തിൽ വിപ്ലവകരമായ മുന്നേറ്റം നടത്തിയവരാണ്.

കേരളത്തിൽ നൂറ്റാണ്ടുകളായി നിലനിന്ന ഭരണക്രമവും ധർമ്മസംഹിതയും സാമൂഹിക വ്യവസ്തയുമെല്ലാം നിലകൊള്ളുന്നത് ബ്രാഹ്മണ ഭക്തിയിലാണെന്നും അതിനെ തകർത്താലല്ലാതെ ബ്രാഹ്മണ മേധാവിത്വത്തെയും ജാതിവ്യവസ്തയെയും ഇല്ലായ്മ ചെയ്യാൻ കഴിയില്ലെന്നു മനസ്സിലാക്കിയ ശ്രീനാരായണഗുരു അരുവിപ്പുറം പ്രതിഷ്ഠയിലൂടെ1888-ൽ ബ്രാഹ്മണ മേധാവിത്വത്തിന് കനത്ത തിരിച്ചടി നല്കി.

തുടരും



നന്ദു
എഴുത്തിനെ
പ്രണയിച്ചവൻ

വാകപോൽ ഒരു പ്രണയം

നിനച്ചിരിക്കാതെ പെയ്ത മഴയെ പഴിച്ചുകൊണ്ട് അയാൾ തന്റെ സ്കൂട്ടറിൽ യാത്ര തുടർന്നു. മഴത്തുള്ളികളെ വകഞ്ഞ് മാറ്റി മുന്നോട്ട് പോകുന്തോറും മഴയുടെ ശക്തി ഏറിവരുന്നതായി അയാൾക്കനുഭവപ്പെട്ടു എങ്കിലും അവളെ കാണാനുള്ള തിടുക്കത്തിൽ അയാൾ വണ്ടിയുടെ വേഗത കൂട്ടി. ഹെൽമെറ്റും ജാക്കറ്റും നേരത്തെ എടുത്തു വച്ചതാണ് എന്നാൽ പോരാനുള്ള തിടുക്കത്തിൽ അയാൾ അതും മറന്നു.

തന്നോടുള്ള വാശി എന്നപോൽ മഴ കലശൽ ആവുകയാണ്. സമയം ഏട്ടാകുന്നതേയുള്ളൂ.. പാതയോരങ്ങളിൽ വഴിയാത്രികർ കുട ചൂടി നിൽക്കുന്നു. മാസ്കും വെച്ചിട്ടുണ്ട് അതിനാൽ തന്നെ പലരെയും തിരിച്ചറിയാനാവുന്നില്ല..! അതിൽ ആരോ ഒരാൾ കൈവീശി കാണിച്ചുകൊണ്ട് എന്തോ ഒന്ന് പറഞ്ഞു... പറഞ്ഞത് വ്യക്തമായില്ലാ എങ്കിലും വണ്ടിയുടെ വേഗത കുറച്ച് തലയാട്ടി കാണിച്ചുകൊണ്ട് അയാൾ തന്റെ യാത്ര തുടർന്നു..

ലോക് ഡൗൺ ആയതിനാലാകാം ഒന്നിടവിട്ട് കടകൾ തുറന്നു വരുന്നതേയുള്ളൂ.. അയാൾ വണ്ടിയുടെ വേഗത കൂട്ടി വേഗത കൂടുന്നതിനനുസരിച്ച് മഴയുടെ ശക്തിയും വർദ്ധിക്കുന്നതായി അയാൾക്കനുഭവപ്പെട്ടു ഹെൽമറ്റ് ഇല്ലാത്തതിനാൽ മുഖത്ത് പതിക്കുന്ന ഓരോ മഴത്തുള്ളിയും കല്ല് മഴപെയ്യുന്ന പ്രീതി അയാളിൽ ഉണ്ടാക്കി..

അയാൾ വണ്ടി പാതയോരത്തെ ഒരു വാകയുടെ ചുവട്ടിൽ ഒതുക്കിനിർത്തി മഴയുടെ ശക്തി കുറയാൻ കാത്തിരുന്നു ഒരു തണുത്ത കുളിർകാറ്റിൽ വാക ആകെയൊന്ന് ആടിയുലഞ്ഞു... മഴപോലെ വാകപ്പൂക്കൾ പെയ്തൊഴിഞ്ഞു മഴയൊന്നു ശമിച്ചപ്പോൾ അയാൾ തന്റെ യാത്ര തുടർന്നു... തന്റെ മേൽ ചൊരിഞ്ഞ പ്രണയ വർഷത്തിന് നന്ദി പറഞ്ഞുകൊണ്ട് കുറച്ച് വാകപ്പൂക്കളുമായ്....

റോഡരുകിലെ കടകൾ ഒന്നൊന്നായി തുറന്നു വരുന്നതേയുള്ളൂ.. കോവിഡ് മാനദണ്ഡമനുസരിച്ചാണെല്ലോ ഇപ്പോൾ എല്ലാ വ്യാപാരസ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നത്.. മഴ വീണ്ടും ശക്തി പ്രാപിക്കുകയാണ്. എന്നിരുന്നാലും അതൊന്നും വകവെക്കാതെ അയാൾ തന്റെ സ്കൂട്ടർ മുന്നോട്ടുവച്ചു...

മഴയുടെ ശക്തിയും വണ്ടിയുടെ വേഗവും അയാളെ അടിമുടി ഒന്ന് വിറപ്പിച്ചു.. മരവിച്ച ശരീരത്തിനുള്ളിൽ അവൾക്കുവേണ്ടി തുടിക്കുന്ന ഹൃദയമുണ്ടെന്ന തിരിച്ചറിവിൽ അയാൾ തന്റെ യാത്ര തുടർന്നു. ഏറെനേരത്തെ യാത്രക്കു ശേഷം അയാളുടെ സ്കൂട്ടർ നിശ്ചലമായ്.. ഒരു നെടുവീർപ്പിട്ടു..!രാവിലെ ജോലിക്ക് പോകാനുള്ള തിരക്കിലാണവൾ. "നശിച്ച മഴ.. ഇതിന് എപ്പോഴാണൊന്ന് തോരുക എന്റെ ദൈവമേ.." അവൾ ആരോടെന്നില്ലാതെ പുലമ്പി. പെട്ടെന്ന് എന്നെ കണ്ടത് കൊണ്ടാണോ എന്തോ..? അവൾ ഒരു നിമിഷത്തേക്കൊന്ന് നിശബ്ദയായ്... ഓടിപ്പോയ് ഒരു ടവൽ എടുത്ത് എന്റെ തല തോർത്തി.. അതിനിടയിൽ മഴ നനഞ്ഞു വന്നതിന് എന്നെയും എന്നെ നനച്ച തിന് മഴയേയും അവൾ ശകാരിക്കുന്നു ഉണ്ടായിരുന്നു...

ഞാൻ എന്റെ കൈവിരലുകൾ അവളുടെ ചുണ്ടോട് ചേർത്തപ്പോൾ നിശബ്ദയായ അവൾ മൗനമായ് എന്നോട് എന്തൊക്കെയോ പറയുന്നതായ് എനിക്ക് തോന്നി.. ഞാൻ അവളെ എന്റെ നെഞ്ചോട് ചേർത്ത് വരിഞ്ഞു മുറുക്കി. എന്റെ ബലിഷ്ടമായ കയ്കൾക്കിടയിൽ ഒരു കൊച്ചു കുഞ്ഞിനെ പോൽ അവൾ അങ്ങനെ ഒതുങ്ങിക്കൂടി നിന്നു..

ഏറെനാൾ കാണാതിരുന്നതിന്റെ ആവാം അവളുടെ മിഴികൾ നിറഞ്ഞൊഴുകി... ചുടു കണ്ണീർക്കണങ്ങൾ എന്റെ മുതുകിൽ ഒരു പേമാരിയായ് പെയ്തിറങ്ങി. എന്റെ ഉള്ളിലെ മരവിപ്പ് മാറുവാൻ അതൊന്നു മാത്രം മതിയായിരുന്നു.. "അതേ.. ആ ഒരിറ്റ് കണ്ണുനീർ" പെട്ടന്നെന്തോ ഓർമ്മ വന്ന പോൽ മിഴികൾ തുടച്ചുകൊണ്ട് അവൾ അടുക്കളയിലേക്ക് പോയി..

എന്നെ കണ്ട സന്തോഷത്തിലാവാം അടുപ്പത്ത് വെച്ചിരുന്ന കറിയുടെ കാര്യം പുള്ളിക്കാരി അങ്ങ് മറന്നു പാവം.. ഇന്നുച്ചക്ക് വെറും ചോറ് കഴിക്കേണ്ടി വരുമല്ലോ.. എന്നോർത്ത് നിന്നപ്പോഴാണ് നന്ദേട്ടാ... ആ കുടയിങ്ങെടുത്തോളൂ.. എനിക്ക് പോകാൻ സമയമാകുന്നു എന്നവൾ ഉറക്കെ വിളിച്ചു പറഞ്ഞത്.. കുടയുമായ് ഞാൻ അടുക്കളയിൽ ചെന്നപ്പോൾ അവൾ കൊണ്ടുപോകാനുള്ള ചോറെടുക്കുകയായിരുന്നു.. നല്ല വെള്ളരിച്ചോറിന് ഒത്തനടുക്ക് ഒരു കഷ്ണം നാരങ്ങയും തേങ്ങ ചുട്ടരച്ച ചമ്മന്തിയും... ആ..ഹാ..എന്റെ നാവിൽ കപ്പലോടി.. അവൾ ഉണ്ടാക്കുന്ന എന്തിനും ഒരു പ്രത്യേക സ്വാദാണ്.. എന്നെ കണ്ടമാത്രയിൽ അവൾ വേഗം തട്ടമടച്ച് പോകാനുള്ള തിടുക്കം നടിച്ചു..

ഏട്ടനിരിക്ക് ഞാൻ അൽപ്പം ചായയിടാം. ചൂട് ചായ കുടിക്കുമ്പോൾ ഈ തണുപ്പൊക്കെയങ്മാറും ചായക്ക് വെള്ളം വെച്ച് അവൾ എന്നോടായ് പറഞ്ഞു.. കേട്ടഭാവം നടിക്കാതെ ഞാൻ അങ്ങനെ നിന്നു. പഞ്ചസാരയും പാൽപ്പൊടിയും കഴിഞ്ഞു അല്ലേ.. അതെന്ന് മൗനമായ് അവൾ തലയാട്ടി.. അത് സാരമില്ല പെണ്ണെ.. ചായ എനിക്ക് ശീലമുള്ള തല്ലെല്ലോ.. എന്നാലും നിന്റെ കയ്യിൽ നിന്നാകുമ്പോ അതിനൊരു പ്രത്യേക സ്വാദാ..അത് ഞാൻ ആസ്വദിച്ച് തന്നെ കുടിക്കും

നിങ്ങക്ക് ഈ ഇടയായി ഇത്തിരി ആസ്വാദനം കൂടുന്നുണ്ട് എന്ന് പറഞ്ഞ് പോകാനിറങ്ങിയ അവളെ അയാൾ അടിമുടി ഒന്ന് നോക്കി. അപ്പോൾ ദാ അടുത്ത ചോദ്യം.. നിങ്ങളെന്താ മനുഷ്യാ ഇതിനു മുന്നേന്നെ കണ്ടിട്ടില്ലേ..! ഇല്ലെല്ലോ പെണ്ണെ... എന്ന് പറഞ്ഞ് അയാൾ അവളെ തന്നിലേക്ക് വലിച്ചടുപ്പിച്ചു.. ഇടയ്ക്കൊക്കെ കുറച്ച് റൊമാന്റിക് ആകുന്നത് നല്ലതല്ലേ.. അതിന് പറ്റിയ ക്ലൈമറ്റും. അപ്പോൾ നിങ്ങൾ ഇന്നെന്നെ ജോലിക്ക് വിടില്ലാല്ലെ.. അവൾ ഒരു കള്ളച്ചിരിയോടെ ചോദിച്ചു. എന്ന് ഞാൻ പറഞ്ഞില്ല നിനക്ക് പോകണമെങ്കിൽ പോകാം. ചേർത്തുനിർത്തി നെറുകയിൽ ചുംബിച്ചിട്ട് അയാൾ തന്റെ സ്കൂട്ടറിനരുകിലേക്ക് പോയി. അവൾക്കായ് കരുതിയ കുറച്ച് വാക പൂക്കളുമായി അയാൾ അവൾക്കുമുന്നിൽ വീണ്ടും പ്രത്യക്ഷനായ്...

വാക പോൽ അവളുടെ കവിളുകൾ ചുവന്നു. ചുണ്ടിൽ ഒരു പുഞ്ചിരി പടർന്നു. ഹാൻ ബാഗ് ഊരി മേശ പുറത്തേക്കെറിഞ്ഞ അവൾ അയാളെ ചുടു-ചുംബനങ്ങളാൽ പൊതിഞ്ഞു... അവളുടെ കണ്ണുകൾ തിളങ്ങി.. നെഞ്ചിടിപ്പ് ഉയർന്നു.. അതേ അവളിൽ പ്രണയം കത്തി ജ്വലിക്കുകയായിരുന്നു..
'ഇരുവരും കണ്ടതും
മിണ്ടിയും ഇഷ്ട്ടപ്പെട്ടതും
ഇഷ്ട്ടം തുറന്ന് പറഞ്ഞതും
അനേകായിരം വാകപ്പൂക്കളെ സാക്ഷിയാക്കി ആയിരുന്നു..'

ബീപ്.. ⏰ ബീപ്.. ⏰ ബീപ്.. ⏰ അലാറം കേട്ടയാൾ ചാടി എഴുനേറ്റു. സമയം ഏഴയല്ലേ.. ഇന്നും അതേ സ്വപ്നം, കാലത്തിനനുസരിച്ച് ചില മാറ്റങ്ങൾ വന്നുവെന്ന് മാത്രം ആത്മഗതം പറഞ്ഞുകൊണ്ടയാൾ പ്രഭാദകൃത്യങ്ങളിലേക്കുകടന്നു..

ഇപ്പോൾ സമയം 8 മണി ഓഫീസിലെത്താൻ ഒന്നൊന്നര മണിക്കൂർ എങ്കിലും വേണം കോവിഡ് രോഗികൾ നാൾക്കുനാൾ വർധിച്ചു വരുന്നതിനാൽ ഒന്നിടവിട്ട ദിവസങ്ങളിൽ ഓഫീസിൽ ചെന്നാൽ മതി അതാണിപ്പോൾ ആകെയുള്ളാരാശ്വാസം. നടക്കാതെ പോയ തന്റെ പ്രണയത്തിന്റെ തീവ്ര ഓർമ്മകളുടെ ഭാണ്ഡവും ചുമലിലേന്തിയാണയാൾ ഇന്നും ജീവിക്കുന്നത്. പതിവ് പോലെ തന്റെ സ്കൂട്ടർ എടുത്ത് അയാൾ ഓഫീസിലേക്ക് തിരിച്ചു. പോണവഴിക്ക് സ്ഥിരം കാണാറുള്ള പൂവാകയെ നോക്കി ഒന്ന് പുഞ്ചിരിച്ചു..

നഷ്ട് പ്രണയത്തിന്റെ സുവർണ്ണ ഭൂമിയിൽ പടർന്നു പന്തലിച്ച ആ പടുവൃക്ഷം ഇന്നും അയാൾക്കു വേണ്ടി പൂക്കൾ പൊഴിക്കാറുണ്ട്.. ഏതോ ജന്മത്തിൽ ചെയ്ത പാപത്തിന് പശ്ചാത്താപമെന്ന പോൽ..

മഴയുടെ സംഗീതം



അജേഷ് കുമാർ
പി.ബേബി.
സെക്രട്ടറി,അക്ഷര

കാടുകൾ വെട്ടിത്തെളിക്കുന്ന ഭൂവിൽ
മൊട്ടക്കുന്നുകൾ പിറക്കുന്നുവോ?
സൂര്യൻ കോപംകൊണ്ടു വിറയ്ക്കുന്നുവോ?
നദികൾ വറ്റിവരളുന്നുവോ?

കാടുകൾ,കോൾനിലങ്ങൾ വരണ്ടു കീറുന്നു
മണ്ണ്മാന്തി യന്ത്രങ്ങൾ
ധരണിയുടെ മാറ് പിളർക്കുന്നു
നവ മണി സൌധങ്ങൾ ഉയരുന്നു

ക്ഷിതിയതു കോൺക്രീറ്റിൽ പൊതിയുന്നു
മഴയുടെ സംഗീതം താളം തെറ്റുന്നുവോ?
ഋതുകൾ മാറി മറിയുന്നുവോ?
സ്വം എന്ന വാക്കിൻെറ മൂല്യ സങ്കൽപ്പവും

ലാഭം ലാഭം എന്നൊരു ചിന്തയും
ഉയരുന്ന മർത്ത്യൻെറ ആർത്തനാദവും
പൊട്ടിത്തകരുന്ന കുടുംബ ബന്ധങ്ങളും
ഞെട്ടിയുണർന്നു....കാൺകെ

ഒരിറ്റ് ദാഹ ജലത്തിനായ് കേഴുന്ന
മർത്ത്യൻെറ രോദനം കേട്ട്
വരണ്ട ഭൂവിൻെറ മാറിൽ
ഒരിറ്റ് നീർതുള്ളിക്കായ്

ഗർത്തങ്ങൾ സൃഷ്ടിച്ചു
വെള്ളത്തിൻെറ ഒരു കണിക പോലും ലഭിച്ചില്ല
മറവിയുടെ സൌധത്തിൽ പേറിയ
പാടങ്ങളെയോർമ്മ വന്നു

പുതുമണ്ണാൽ മറവു ചെയ്ത
നിലങ്ങളെ തേടിയലഞ്ഞ മർത്ത്യൻ
കണ്ടെത്തി ഒരു പച്ചപ്പിൻ
ഹൃദയം തുരന്ന്

ഊറിവന്ന രക്ത തുള്ളികൾ
ഊറ്റി ക്കുടിക്കുവാന്നെത്തിയോർ
തമ്മിൽ കിട്ടിയ തുള്ളികൾക്കായി
കലപില കൂട്ടി രക്തം ചീന്തി

പൊള്ളയായ സംസ്ക്കാരത്തിൻ
പൈതൃകം പേറി വെന്തുരുകി
ഉയരുന്ന രോദനത്തിന് മഴയുടെ സംഗീതം
ഉയരുന്ന മഴയുടെ സംഗീതം ഇറ്റ്,ഇറ്റ്
തുള്ളിയായ് പെയ്തിറങ്ങുമോ കാലം.....



ജോസ്
പാത്താമുട്ടം

കഥ

1980

1980-ൽ ഞാൻ മലപ്പുറത്ത് ആരോഗ്യവകുപ്പിലുണ്ടായിരുന്നു.സഹപ്രവർത്തകനായ കൊല്ലംകാരൻ സേവ്യർ ആയിരുന്നു സഹമുറിയൻ.കെ.എസ്.ഇ.ബി-ൽ ഉദ്യോഗസ്ഥരായ തിരുവനന്തപുരംകാരൻ തങ്കച്ചൻനാടാരും ആലപ്പുഴയിലുള്ള സുകുമാരനാചാരിയും ഞങ്ങൾക്ക് അടുത്തുതന്നെ താമസിച്ചിരുന്നു.

പാലക്കാട്ടുകാരനാണെങ്കിലും മലപ്പുറത്ത് ബിസിനസ് നടത്തുന്ന നാസർ ഞങ്ങളുടെ പൊതുസുഹൃത്തായിരുന്നു.എല്ലാ സായാഹ്നങ്ങളിലും ഒഴിവുദിവസങ്ങളിലും ഞങ്ങൾ തങ്കച്ചൻനാടാരുടെ മുറിയിൽ ഒത്തുച്ചേരും. തിരക്കില്ലാത്തപ്പോഴൊക്കെ നാസറും വരും.

നാസറിന്റെ അംബാസിഡർ കാറിലാണ് യാത്ര. നാസർ തന്നെയാണ് ഡ്രൈവർ.എല്ലാവരുടെയും കയ്യിൽ ഓരോ വലിയ കുപ്പിമദ്യം. ഒരു ബ്രാൻഡ്തന്നെ ആയിരിക്കണമെന്ന് മൂപ്പനായ തങ്കച്ചൻനാടാർ പ്രത്യേകം നിഷ്കർഷിച്ചിരുന്നു.വളരെയേറെ രസകരമായിരുന്നു ആ യാത്ര.ഇടയ്ക്കു ഞങ്ങൾ,കണ്ണുനീർ പോലെ തെളിഞ്ഞ, കിടുകിടുപ്പൻ തണുപ്പുള്ള, നീർച്ചോലയ്ക്കരികിൽ കാർ നിർത്തി തെല്ലിരുന്നു.പിന്നെ അവിടെ കുളിച്ചു മതിച്ചു.

ഞങ്ങൾ അവിടെ റമ്മി കളിക്കും.ഊഴമിട്ട് വിദേശമദ്യം വാങ്ങും.ബീഫ് വാങ്ങും.ചിരിക്കും. ആർക്കെങ്കിലും ഒരാൾക്ക് സങ്കടം വന്നാൽ എല്ലാവരും കരയും.ചിലപ്പോൾ പിണങ്ങും. കെട്ടുവിടുമ്പോൾ പിണക്കം മറന്നു കെട്ടിപ്പിടിക്കും.അന്ന്പിന്നെ മുഴുവൻ ചിലവും പിണങ്ങിയവരുടെ വകയാകും. അന്നുതന്നെ ചിലപ്പോൾ വീണ്ടും പിണങ്ങും.അങ്ങനെയിരിക്കെ ഒരു ദിവസം തങ്കച്ചൻനാടാരുടെ സുഹൃത്തിനെ കാണാൻ കേരള-കർണാടക അതിർത്തിയിലെ ഒരു കുഗ്രാമത്തിലേക്ക് ഞങ്ങൾ യാത്രയായി.

ഞങ്ങൾ ചെല്ലുമ്പോൾ തങ്കച്ചൻനാടാരുടെ സുഹൃത്ത് സോമൻനായർ ഞങ്ങളെ കാത്തിരിക്കുകയായിരുന്നു.അവരും അവിടെ,രണ്ടു മൂന്നുപേർ ഒത്തുള്ള താമസമായിരുന്നു. ഞങ്ങൾ ചെല്ലുന്നത് പ്രമാണിച്ച് അവിടെയും ചിലതൊക്കെ കരുതിയിരുന്നു.ഞങ്ങൾ ഇരുന്നു. യാത്രാഅനുഭവങ്ങൾ,പങ്കിട്ടു.മദ്യപിച്ചു.യേശുക്രിസ്തുവിന്റെയും,അയ്യപ്പന്റെയും,അല്ലാഹുവിന്റെയും ഭക്തിഗാനങ്ങൾ പാടി. ഒടുവിൽ കേരളത്തെക്കുറിച്ചുള്ള ഒരു ദേശഭക്തി ഗാനവും.

ഇതിനിടയ്ക്ക് എപ്പോഴോ സോമൻനായർ നാട്ടിലുള്ള ഭാര്യയെ കുറിച്ച് പറഞ്ഞു. അപ്പോൾ അയാളുടെ കണ്ണുനിറഞ്ഞു. എന്തുകൊണ്ടാണെന്നറിയില്ല ആ നേരത്ത് ഞങ്ങളിൽ ചിലരുടെയും കണ്ണുനിറഞ്ഞു. അന്നു കണ്ണുനിറഞ്ഞുവരാരും വിവാഹിതരല്ലായിരുന്നു.

അപ്പോൾഅവിടെയുള്ള വിഷ്ണു എന്നൊരാൾ എഴുന്നേറ്റുപോയി ഉണക്കപൊടിമീൻ വറുത്തു കൊണ്ടുവന്നു. മദ്യപിക്കുമ്പോൾ അയാൾക്ക് ഏറ്റവും പ്രിയപ്പെട്ട ഐറ്റമാണതെന്ന് സോമൻനായർ പറഞ്ഞു.അയാൾ അതുമായി വരുമ്പോൾ ഞങ്ങൾ പാടുകയായിരുന്നു. യേശുദാസ് ഏതോ സിനിമയിൽ ഒറ്റയ്ക്ക് പാടിയ ഒരു ശോകഗാനം.ഞങ്ങൾ അത് സംഘഗാനം ആയി പാടി. വിഷ്ണു ഇരുകൈകളും വിരിച്ച് ശബ്ദമുയർത്തി പറഞ്ഞു.

"സ്റ്റോപ്പ്..... സ്റ്റോപ്പ്..... ഒരു മിനിറ്റ്. "
ഞങ്ങൾ പാട്ടു നിർത്തി വിഷ്ണു. തുടർന്നു."നിങ്ങൾ എനിക്ക് ഒരു ഉപകാരം ചെയ്യണം. ഈ സാധനം ഞാൻ ഉണ്ടാക്കിയതാണെന്ന് പുറത്ത് ആരോടും പറയരുത്."അയാൾ പറഞ്ഞത് മനസ്സിലാകാത്തതു പോലെ ഞങ്ങൾ പരസ്പരം നോക്കിയ നേരത്ത് സോമൻനായർ ഇടപെട്ടു."അതേ....,ഇവന്റെ മുഴുവൻ പേര് കേൾക്കുമ്പോൾ,നിങ്ങൾക്ക് മനസ്സിലാവും ഇവൻ പറഞ്ഞതിന്റെ കാര്യം.''പിന്നീട് സോമൻനായർ ഇടതുകൈ ആയത്തിൽ വീശി അജ്ഞാപിച്ചുച്ചു."പറയടാ വിഷ്ണു നിന്റെ ,നിന്റെ മുഴുവൻ പേര് .....''ഒരു കല്യാണ പെണ്ണി ന്റെ നാണത്തോടെ വിഷ്ണു മെല്ലെ,എന്നാൽ എല്ലാവരും കേൾക്കാൻ പാകത്തിൽ പറഞ്ഞു."വിഷ്ണുനാരായണൻനമ്പൂതിരി,പിന്നെ അയാൾ ശബ്ദമുയർത്തി ആജ്ഞാപിച്ചു."ആരവിടെ..... പാട്ടും നൃത്തവും..ആരംഭിക്കട്ടെ".പിന്നെ ഞങ്ങളാരും പാടിയില്ല. മിണ്ടാതെയിരുന്ന് പൊടിമീൻ വറുത്തത് തിന്നു.

വർഷങ്ങൾ ഒരുപാട് കഴിഞ്ഞു. ഞങ്ങൾ പലവഴി പിരിഞ്ഞു. ആ വഴിയിൽ എവിടെവെച്ചോ എല്ലാവരും റിട്ടേർഡ് ആയി.തുടർന്നും പലരുമായി ഫോണിലൂടെയും വാട്സാപ്പിലൂടെയും ബന്ധപ്പെടാൻ സാധിച്ചു എന്നത് ഞങ്ങളുടെയൊക്കെ ഭാഗ്യമായി.അപ്പോഴൊക്കെ തങ്കച്ചൻനാടാർക്കും സുകുമാരൻആചാരിക്കും സോമൻനായർക്കുമൊക്കെ പറയാനുണ്ടായിരുന്നത് സ്വന്തം സമുദായങ്ങളെ കുറിച്ചായിരുന്നു. അവരൊക്കെ ഇപ്പോൾ അവരവരുടെ സമുദായത്തിന്റെ പ്രാദേശിക നേതാക്കളാണത്രെ .

എന്തേ ഇങ്ങനെ ഈ മാറ്റമെന്ന് എന്റെ ചോദ്യത്തിന് എല്ലാവർക്കും പറയാൻ ഒരേ മറുപടി ആയിരുന്നു ."ഇനി ഉള്ള കാലം സ്വന്തം സമുദായത്തിന് എന്തെങ്കിലുമൊക്കെ ചെയ്യണം എന്ന് തോന്നി.ഇനി എത്രകാലം എന്ന് ആര് കണ്ടു.സേവ്യർ എവിടെയോ സുവിശേഷപ്രവർത്തകൻ ആയിരുന്നു. പാവം മരിച്ചുപോയി.



കൊവിഡ് -19 രോഗപ്രതിരോധം വാക്സിനേഷനിലൂടെ



അന്ന ബിജു തോമസ്
പ്ലസ് ടു വിദ്യാർത്ഥിനി

"വ്യാപനം തടയുന്നതിനും ലോകത്തെ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുമുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗളിലൊന്നാണ് വാക്സിനുകൾ"

ഡോ.ടെഡ്രോസ് അദാനോം ഗെബ്രിയേസസ് (ഡയറക്ടർ ജനറൽ,ലോകാരോഗ്യ സംഘടന)

കൊവിഡ്-19 മഹാമാരി നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലയേയും ബാധിച്ചിരിക്കുന്നു.ആഗോള സമ്പത്ത് വ്യവസ്ഥയെ നിശ്ചലമാക്കുകയും,ജനങ്ങൾ തമ്മിലുള്ള കൂടിച്ചേരലുകൾക്കും,ഇടപെടലുകൾക്കും മാറ്റം സംഭവിച്ചിരിക്കുന്നു.രാജ്യങ്ങൾ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി വൈറസിന്റെ പകർച്ച തടയാനായി പരിശ്രമിക്കുമ്പോൾ ഈ പ്രതിസന്ധിയെ മറികടക്കാനുള്ള ഉത്തമ മാർഗ്ഗം പ്രതിരോധ കുത്തിവയ്പ്പ്(വാക്സിനേഷൻ)തന്നെയാണ്.മുൻപ് ഉണ്ടായിട്ടുള്ള പല പകർച്ചവ്യാധികളെ നേരിട്ടതും പൂർണ്ണമായി ഇല്ലാതാക്കിയതും വാക്സിനേഷനിലൂടെയാണ്.ലോകത്തെ എല്ലാ രാജ്യങ്ങളും ഈ മഹാമാരിയെ നേരിടുന്നതിനും, ആളുകളിൽ വാക്സിനുകൾ എത്തിക്കുന്നതിനുവേണ്ട പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

വാക്സിനുകളുടെ ചരിത്രം ആരംഭിക്കുന്നത് സമൂഹത്തിലെ രോഗവ്യാപനം തടയാനുള്ള ആദ്യ ശ്രമമായാണ്.പുരാതനകാലം മുതൽ ആളുകൾ ഏറ്റവുമധികം ഭയപ്പെട്ടിരുന്ന രോഗമായിരുന്നു വസൂരി(സ്മാൾപോക്സ്).3000വർഷങ്ങൾക്ക് മുമ്പ് ഇന്ത്യയിലോ,ഈജിപ്റ്റിലോ ഉത്ഭവിച്ചതാണ് ഈ രോഗം എന്ന് വിശ്വസിക്കപ്പെടുന്നു.സാമ്രാജ്യങ്ങളെപ്പോലും തകർക്കാൻ കഴിഞ്ഞ ഈ രോഗത്തിന് ഒരു പ്രതിവിധി അത്യാവശ്യമായിരുന്നു.ഒരിക്കൽ വസൂരി ബാധിച്ച ആളുകൾ ഭാവിയിലെ അണുബാധകളിൽ നിന്ന് സംരക്ഷിക്കപ്പെടുന്നുവെന്ന അറിവ് വൈദ്യന്മാരുടെ താല്പര്യം കവർന്നു.ഇതാണ് വാക്സിൻ എന്ന ആശയത്തിന് തുടക്കമിട്ടത്.

1796-ൽ എഡ്വേർഡ് ജെന്നർ കണ്ടുപിടിച്ച വസൂരി വാക്സിനാണ് .ആദ്യത്തെ വിജയകരമായ വാക്സിൻ.കൌപോക്സ് പിടിച്ച പാല്പ്പാദകർക്ക് വസൂരി പിടിപെടുന്നില്ലെന്ന നിരീക്ഷണമാണ് അദ്ദേഹത്തെ ഈ വാക്സിൻ കണ്ടുപിടിക്കാൻ പ്രേരകമായത്.1802മുതൽ വാക്സിനേഷൻ ഇന്ത്യയിൽ ആരംഭിച്ചു.1802 ജൂൺ14ന് അന്ന ഡസ്റ്റ്ഹാൾ എന്ന ബോംബെ വംശജ ഇന്ത്യയിലെ ആദ്യത്തെ പ്രതിരോധ കുത്തിവയ്പ്പ് എടുത്തു.


19-□□ നൂറ്റാണ്ടിന്റെ ആവസാനത്തോടെ ഇന്ത്യയിൽ കോളറ,പ്ലേഗ് എന്നീ പകർച്ചവ്യാധികൾ രൂപം കൊണ്ടു.ഇതിനെതിരായുള്ള വാക്സിൻ നിർമ്മാണവും,വാക്സിനേഷൻ ശക്തമാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. വസൂരിക്കെതിരായി രണ്ടു ഡോസ് വാക്സിൻ എങ്കിലും വേണമെന്ന തിരിച്ചറിവ് വാക്സിന്റെ ആവശ്യകത വർദ്ധിപ്പിച്ചു.ഇത് മൂലം ഇന്ത്യയിൽ പലയിടത്തും റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിച്ചു.ഇതിൽ പാസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ 1907-ൽ റാബീസ് വാക്സിൻ ഉല്പാദിപ്പിച്ചു.യഥാസമയം ഇൻഫ്ലുവൻസ വാക്സിനുകൾ,ട്രിവാലന്റ് ഓറൽ പോളിയോ വാക്സിൻ എന്നിവ വികസിപ്പിച്ചു.180ലക്ഷത്തോളം ഇന്ത്യക്കാരെ കൊന്നൊടുക്കിയ1918-ലെ ഇൻഫ്ലുവൻസ രോഗത്തെപ്പറ്റിയുള്ള ആശങ്ക ഇതോടെ കുറഞ്ഞു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ക്ഷയരോഗം മൂലമുള്ള മരണനിരക്ക് വർദ്ധിച്ചത്തോടെ 1948-ൽ രോഗത്തെ ഒരു പകർച്ചവ്യാധിയായി പ്രഖാപിച്ചു.ഇതിന്റെ അടിസ്ഥാനത്തിൽ ബി.സി.ജി വാക്സിനേഷൻ പരിമിതമായ തോതിൽ നടപ്പിലാക്കാനും നടപടിയായി. ഇന്ത്യയിൽ മുൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ കാലത്താണ് ലോകാരോഗ്യ സംഘടനയുടെ സഹകരണത്തോടെ വസൂരി നിർമ്മാർജ്ജന തീവ്ര യജ്ഞത്തിന് തുടക്കം കുറിച്ചത്.1977-ൽ ഇന്ത്യ വസൂരിയിൽ നിന്നും മുക്തി നേടുന്നതുവരെ തുടർന്ന ഈ യജ്ഞത്തിന്റെ വിജയത്തിന് പിന്നിൽ നേതാക്കളുടെ ഇച്ഛാശക്തിയും,സമർപ്പിതരായ ആരോഗ്യ പ്രവർത്തകരുടെ കഠിനാധ്വാനവും,ജനങ്ങളുടെ നിസ്വാർത്ഥ സഹകരണം ഒന്നുകൊണ്ടുമാത്രമാണെന്നതിൽ തർക്കമില്ല.

എല്ലാ ഇന്ത്യൻ കുട്ടികൾക്കും ശുപാർശ ചെയ്യപ്പെടുന്ന വാക്സിനുകൾ നല്കുന്നതിനായി1978-ൽ സർക്കാർ എക്സ്പാൻഡഡ് പ്രോഗ്രാം ഫോർ ഇമ്മ്യൂണൈസേഷൻ(ഇപിഐ)ആരംഭിച്ചു.ഈ സംരംഭത്തെ1985-ൽ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം(യുപിഐ)എന്ന് പുനർനാമകരണം ചെയ്തു.ഇതിന്റെ ഭാഗമായി എല്ലാ ശിശുക്കൾക്കും ആറ് അടിസ്ഥാന വാക്സിനുകളും(ഡിഫ്തീരിയ,ടെറ്റനസ്,പെർടുസിസ്,ഹെപ്പറ്റൈറ്റിസ് ബി,ഇൻഫ്ലുവൻസ,പോളിയോ)ഗർഭിണികൾക്ക് ടെറ്റനസ് വാക്സിനുകളും നല്കി.1997-ൽ നാഷണൽ പോളിയോ നിരീക്ഷണ പദ്ധതി(എൻപിഎസ്പി)എന്ന പേരിൽ ഒരു സംഘടിത നിരീക്ഷണ സംവിധാനം ആരംഭിച്ചു.2014-ൽ ഇന്ത്യ പോളിയോമെലിറ്റസ് ബാധയിൽ നിന്ന് മുക്തമാകുന്നതു വരെ ഈ പദ്ധതി തുടർന്നു.2015-ൽ മാതൃ,നവജാത ടെറ്റനസ് രാജ്യത്തു നിന്ന് ഇല്ലാതാക്കിയതും യുപിഐയുടെ നാഴികക്കല്ലാണ്.നിലവിൽ ജനനം മുതൽ 15വയസുവരെ ഇന്ത്യയിലെ കുട്ടികൾക്ക് അഞ്ചാംപനി,റുബെല്ല,ക്ഷയം എന്നിവയുൾപ്പെടെ 9രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നു .രാജ്യത്തിലെ ചില ഭാഗങ്ങളിൽ കുട്ടികൾക്ക് ന്യുമോണിയ,മെനിഞ്ചൈറ്റിസ്,ജാപ്പനീസ് എൻസെഫലൈറ്റിസ് എന്നിവയ്ക്കെതിരെയും പ്രതിരോധ കുത്തിവയ്പ്പുകൾ ലഭിക്കുന്നു.

കൊവിഡ്-19 പ്രതിരോധ കുത്തിവയ്പ്പുകളുടെ വിജയത്തിന് ഒരു പ്രധാന തടസ്സം വാക്സിനോടുള്ള പെതുജനത്തിന്റെ ഭയവും എതിർപ്പുമാണ്.പ്രബുദ്ധരെന്ന് കരുതുന്ന ആളുകളിൽ പോലും സംശയങ്ങളും എതിരഭിപ്രായങ്ങളും നിലനിൽക്കുന്നു.ഈ പ്രതിസന്ധി ഘട്ടത്തിൽ എതിർപ്രചരണങ്ങൾക്ക് പ്രസക്തിയില്ല.നിലവിൽ നമ്മുടെ പരീക്ഷണ-നിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയ വാക്സിനുകൾ പരമാവധി ആളുകളിൽ എത്തിക്കാനും അവർ അത് സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുവാനും സാധിക്കണം.ഇല്ലെങ്കിൽ അത് പ്രവർത്തനങ്ങളെ സാരമായി ബാധിക്കും.കോവിഡിനെതിരെയുള്ള വാക്സിനേഷൻ പ്രവർത്തനങ്ങളിൽ നാമെല്ലാം ഒന്നു ചേരേണ്ടത് അത്യാവശ്യമാണ്.








മരത്തിന്റെ വിലാപം



പ്രവീണ പി.

നീ നിന്റെ പച്ചിലയും
ചില്ലയും നീട്ടുമ്പോഴും
മൃത്യുവിൻ മഴു നീട്ടി
ചിതയിലെറിഞ്ഞു
നിന്നെ
കണ്മഷി മായാതെ
കണ്ണീരറ്റു പിടയുന്ന
നിന്നെ
തഴുകുന്നൊരു
കാലം പിറന്നിടും
അന്നു നിൻ ഇലകൾ
തളിർക്കും
പിഴുതെറിഞ്ഞ
കൈകൾ
കൈകൂപ്പിടും



വിജ്ഞാന ലോകം

1. ഇന്ത്യയിൽ വിസ്തീർണടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വനപ്രദേശമുള്ള സംസ്ഥാനമേത്?
ans.മദ്ധ്യപ്രദേശ്

2. കേന്ദ്ര മന്ത്രിസഭയിലെ ആദ്യ മലയാളി ആര്?
ans.ഡോ. ജോൺ മത്തായി

3. അർജ്ജുന അവാർഡ് നേടിയ ആദ്യ കേരളീയ വനിത
ഏലമ്മ

4. ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് 1963-ൽ നവംബർ 21ന് എവിടെ നിന്നാണ് വിക്ഷേപിച്ചത്
തുമ്പ

5. ഇന്ത്യയിലെ ഏറ്റവും ചെലവ് കുറഞ്ഞ ഗതാഗതമാർഗ്ഗം ഏത്
ജല ഗതാഗതം

6. ഭാരതരത്ന ലഭിച്ച ആദ്യ വിദേശി ആര്
ഖാൻ അബ്ദുൾ ഗാഫർ ഖാൻ

7. ഇന്ത്യയിലെ ആദ്യത്തെ ശാസ്ത്ര നഗരം ഏത്
കൊൽക്കത്ത

8. കേരള സഹിത്യ അക്കാദമി സ്ഥാപിതമായ വർഷം ഏത്
1956

9. കേരളത്തിൽ ഏറ്റവും കൂടുതൽ നെല്ല് ഉല്പാദിപ്പിക്കുന്ന ജില്ല ഏത്
പാലക്കാട്

10. മരച്ചീനി ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന ജില്ല ഏത്
തിരുവനന്തപുരം

നക്ഷത്രം ഹൃദയത്തോട് പറഞ്ഞത്



അജയൻ കുറ്റിക്കാട്ട്
9447672457

സീൻ-6 പകൽ
വരാന്ത

ചെറിയ വീടിന്റെ വരാന്തയിലിരുന്ന് കരയുന്ന ഒരു നിർദ്ധനൻ,അയാളുടെ അടുത്തെത്തുന്ന നിക്കോളാവാസ്

നിക്കോളാവാസ്
നിർദ്ധനൻ

- എന്തുപറ്റി സ്നേഹിതാ എന്തേ ഈ കരച്ചിൽ

കരച്ചിലിനിടയിൽ ആ മനുഷ്യർ

- ഞാൻ നിർദ്ധനൻ എന്റെ മൂന്ന് പെൺപൺമക്കളെ വിവാഹം ചെയ്തയ്ക്കുവാൻ പെൺപണമില്ലാതെ ഉഴലുന്ന നിർഭാഗ്യവാൻ...കരയുമ്പോൾ അതുമാത്രം തെല്ല് ആശ്വാസമേകുന്നു.

നിക്കോളാവാസ്

- അതുകൊണ്ട് താങ്കളുടെ ദു:ഖം അവസാനിക്കുന്നില്ലല്ലോ സ്നേഹിതാ

ആ മനുഷ്യൻ

- അല്ലാതെ ഞാനെന്തു ചെയ്യാൻ സുഹൃത്തേ...

ഇരുകൈയ്യും മുന്നോട്ട് നീട്ടി മുകളിലേക്ക് നേക്കി ദു:ഖത്തോടെ ആ മനുഷ്യൻ

- ദൈവമേ എന്തിനു നീ നിർദ്ധനനായി എനിക്ക് ജന്മം നല്കി ഉള്ളവന് കൂടുതൽ കൊടുത്ത് ഇല്ലാത്തവന് കഷ്ടതേം,ദുരിതോം മാത്രം എന്തിനു നല്കി ശിക്ഷിക്കുന്നു ദൈവമേ.

നിക്കോളാവാസ്

- ഇത് ശിക്ഷയല്ല സ്നേഹിതാ...പരീക്ഷണം മാത്രമാണ് നിന്റെ പ്രവർത്തികളുടെ നന്മ നിനക്ക് സമ്പത്ത് നല്കും തീർച്ച

നിക്കോളാവാസ് കയ്യിലെ വിരൽ നിവർത്തിക്കൊണ്ട്

- ഒരു കയ്യിലെ എല്ലാ വിരലുകളും ഒരുപോലെയിരിക്കുമോ അവ വ്യത്യസ്തതയോടെ മാത്രമെ ഇരിക്കൂ.അതുപോലെ നിങ്ങളുടെ കഷ്ടതയ്ക്കു പരിഹാരം ഉള്ളവൻ ഇല്ലാത്തവന് കൊടുക്കുന്നതിലൂടെ മാത്രമേ മാറ്റാൻ കഴിയൂ.

ഭാണ്ഡമഴിച്ച് ഒരു പണക്കിഴി എടുത്ത് ആ മനുഷ്യന് നേരെ നീട്ടി നിക്കോളാവാസ്

- ഇതെന്റെ സമ്പാദ്യത്തിലെ ഒരു പങ്കാണ് ഇതുപയോഗിച്ച് പെൺപണം നല്കി മക്കളുടെ വിവാഹം നടത്തൂ ഒപ്പം കാരുണ്യവാനായ ദൈവത്തിന് നന്ദി പറയൂ

പണക്കിഴിയിലേക്കും
നിക്കോളാവാസിലേക്കും
നോക്കി ആ മനുഷ്യൻ -

പണക്കിഴി ആ മനുഷ്യന്റെ കയ്യിൽ
കൊടുക്കുന്ന നിക്കോളാവാസ്

കണ്ണീരൊഴുക്കി ആ മനുഷ്യൻ -

നിക്കോളാവാസ് -

നിക്കോളാവാസ് നടന്നു മറയുന്നു.ആ മനുഷ്യൻ പണക്കിഴി താഴെയിട്ട് മുട്ട് കുത്തി ആകാശത്തേക്ക് നോക്കി,കണ്ണുകളടച്ച് പ്രാർത്ഥിക്കുന്നു

ഇതു സത്യമോ.....ഇതെനിക്ക് വിശ്വസിക്കാമോ.

സുഹൃത്തേ അപരിചിതനായ താങ്കൾ ദൈവമാണ് എന്റെ ദൈവമാണ്.

എന്റെ പേർ നിക്കോളാവാസ് എന്നാണ് ദൈവം.ഞാനല്ല അത് ഉള്ളവൻ ഇല്ലാത്തവനു നൽകണമെന്നരുളിയവനാണ്,ഹൃദയം തകർന്നവർക്ക് സാന്ത്വനമേകുന്നവനാണ്.നീ അവന് നന്ദി പറയുക.അവനെ വാഴ്ത്തുക

CUT

സീൻ-7

സായാഹ്നം

അലമാരകളുള്ള മുറി

എൽസ പുസ്തകത്തിന്റെ ഒരു താൾ കൂടി മറിക്കുന്നു.അതിൽ കുന്തവുമായി ഓടുന്ന ഒരു പടയാളിയുടെ ചിത്രം.ചിത്രം താളിൽ നിന്ന് മെല്ലെ പറന്ന് സ്ക്രീനിൽ നിറയുന്നു.ചലിക്കാൻ തുടങ്ങുന്നു

അലമാര
പുസ്തകം
എൽസ

CUT

സീൻ-8.പകൽ

മൺതിട്ടകളുള്ള ചരിവ് ഭൂമി

കുന്തവുമായി ഓടുന്ന പടയാളി ഗൗരവം നിറഞ്ഞ അയാളുടെ മുഖത്ത് വിയർപ്പ് തുള്ളികൾ ഓടുന്ന പടയാളി ആ ദൃശ്യത്തിൻമേൽ നിക്കോളാവാസിന്റെ ശബ്ദം ഓവർലാപ്പ് ചെയ്യുന്നു -

കുന്തം
സാന്താക്ലോസ്
പടയാളി

സ്നേഹിതാ.....ഒന്നു നിൽക്കൂ.

നിൽക്കാതെ കുന്തവുമായി
അയാൾ ഓടുന്നു

ശബ്ദം - ഒന്നു നിൽക്കു.....ഒരു നിമിഷം

പടയാളി നിന്നു
തിരിഞ്ഞു നോക്കി
പിന്നിൽ നിന്ന് മാറാപ്പ്
തൂക്കിവരുന്ന നിക്കോളാവാസ് - ഈ ആയുധവുമായി പരക്കം പായുന്നത് എങ്ങോട്ടാണ്.

പടയാളി - അയൽക്കാരൻ എന്റെ ഭൂമികയ്യേറി ഇന്നവന്റെ നെഞ്ചിൽ ഞാനിത് കുത്തിയിറക്കും

ദേഷ്യം കൊണ്ട് പടയാളി കുന്തം ശക്തിയിൽ
നിലത്തേക്കെറിയുന്നു. മണ്ണിൽ താഴ്ന്ന കുന്തം വിറയ്ക്കുന്നു.

നിക്കോളാവാസ് - ഒരു പക്ഷേ ഈ ആയുധം തിരിച്ചു വരാം സ്നേഹിതാ,അങ്ങനെ നിങ്ങളുടെ ഭാര്യ,മക്കൾഒക്കെ
അനാഥരാകാം.അതുപോലെ ചിലപ്പോൾ നിങ്ങളുടെ അയൽക്കാരനും സംഭവിക്കാം.അങ്ങനെ ഈ ആയുധം അന്തിമമായി സൃഷ്ടിക്കുന്നത് കണ്ണീരുമാത്രമായിരിക്കും.

പടയാളി - എന്നാലും എന്റെ ഭൂമി

നിക്കോളാവാസ് - സ്നേഹം കൊണ്ട് പലതും വീണ്ടെടുക്കാം സ്നേഹിതാ,
ആയുധം സ്നേഹമാകട്ടെ അതിൽനിന്ന് സ്നേഹമേ ജനിക്കൂ,രക്തവും കണ്ണീരുമാവില്ല.

ക്രോധം മറഞ്ഞ്,ശാന്തനായി
പടയാളി - അങ്ങരാണ്

നിക്കോളാവാസ് - ഞാൻ ആരുമല്ലാ എന്നെ അറിയുകയും വേണ്ട നീ നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും
സ്നേഹിക്കുവാനരുളിയ,വാളെടുത്തവൻ വാളാലെ എന്നരുളിയ ദൈവപുത്രനെ മാത്രം നീ അറിയുക
അവനെ വാഴ്ത്തുക
അവന്റെ മഹത്വം നെഞ്ചിലേറ്റുക

പടയാളി സ്തംഭിച്ച് നിൽക്കേ
നിക്കോളാവാസ് നടന്നുമറയുന്നു.

CUT

സീൻ-9
സായാഹ്നം

അലമാരകളുള്ള ഇരുണ്ടമുറി

എൽസ പുസ്തകത്തിന്റെ ഒരു താൾ കൂടി മറിക്കുന്നു.ദേഹം നിറയെ പൊട്ടിയൊലിക്കുന്ന വ്രണങ്ങളുള്ള ഒരു വൃദ്ധന്റെ ചിത്രം
ചിത്രം മെല്ലെപ്പറന്ന് സ്ക്രീനിൽ നിറയുന്നു.ചലിക്കുന്നു.

പുസ്തകം
എൽസ

CUT

സീൻ-10
പകൽ

കൽപ്പടവുകൾ

കൽപ്പടവുകൾക്ക് മുകളിൽ ഇരിക്കുന്ന വൃദ്ധൻ ദേഹം പൊട്ടിയൊലിച്ച് ഈച്ചയാർക്കുന്നുണ്ട്.വൃദ്ധനു മുന്നിലൂടെ കടന്നു പോകുന്നവരുടെ കാൽപ്പാദം മാത്രം കാണാം.കടന്നുപോകുന്നവരെ നോക്കി ദൈന്യതയോടെ

നിക്കോളാവാസ്
വൃദ്ധൻ

വൃദ്ധൻ

- എന്തെങ്കിലുമീ കെളവനു തരണേ...

പൊടുന്നനെ വൃദ്ധന്റെ മുന്നിൽ ബലിഷ്ഠമായ ഒരു കാൽപ്പാദം വൃദ്ധന്റെ മുഖത്തേക്ക് ശക്തിയിൽ ആ പാദം പതിച്ചു ആർത്തനാദത്തോടെ വൃദ്ധൻ പടിയിലൂടെ ഉരുണ്ട് താഴേക്ക് വന്ന് നിക്കോളാവാസിന്റെ മുന്നിൽ കരച്ചിലൂടെ വൃദ്ധൻ തലയുയർത്തി നോക്കുമ്പോൾ കുനിഞ്ഞ് വൃദ്ധനെ എഴുന്നേൽപ്പിക്കാൻ ശ്രമിക്കുന്ന നിക്കോളാവാസ് ഭയന്ന് വൃദ്ധൻ

ദേഹം മുഴുവൻ പഴുത്തിത്തൊലിക്കുന്നേ....
എനിക്കു വെശക്കുന്നേ....
അയ്യോ.....എന്തെങ്കിലും തരണേ

- അരുതേ.....
എന്നെ തൊടരുതെ
എന്റെ രോഗം നിങ്ങൾക്കും പകരും

വൃദ്ധനെ പിടിച്ചുകൊണ്ട്
നിക്കോളാവാസ് -

ഇല്ല സ്നേഹിതാ....രോഗിയായ നിങ്ങളെ കണ്ടിട്ടും കാണാതെ പോയവരെ ഞാൻ പഴിക്കുന്നില്ല.ഒരു നേരത്തെ ആഹാരത്തിന് യാചിച്ച നിങ്ങളെ ചവിട്ടിത്തെറിപ്പിച്ച ക്രൂരതയോടെ ആര് പൊറുക്കും.

വൃണത്തിൽ പൊതിയുന്ന
ഈച്ചയ്ക്ക് മേൽ കൈ
വീശിക്കൊണ്ട്

വൃദ്ധൻ -

ഒരിറ്റുവെള്ളം പോലുമില്ലാതെ ഞാനീ തെരുവിലായിട്ട്
ദിവസങ്ങളാകുന്നു.എന്നെകാണുന്നവർ മുഖം തിരിച്ചു പോകുന്നു.

നിക്കോളാവാസ് -

രോഗിയെയും,അശരണരെയും ആശ്വസിപ്പിക്കാതെ പോകുന്നവർക്കുള്ള ശിക്ഷ അതി കഠിനമാണെന്നിവരറിയാത്തതെന്താണ് അതാണെന്നെ ദു:ഖിപ്പിക്കുന്നത്.

വൃദ്ധനെ നോക്കി
നിക്കോളാവാസ് -

നിങ്ങളുടെ ദേഹത്തിനെയുള്ളൂ രോഗം നിനക്ക് ദയ നൽകാതെ കടന്നു പോയവരുടെ മനസ്സിനാണ് രോഗം.

വൃദ്ധനെ ചേർത്തു പിടിച്ച്
നിക്കോളാവാസ് -

നിന്റെ മുറിവിൽ ഞാൻ മരുന്നു നല്കാം നിനക്ക് ഭക്ഷണവും ആശ്വാസവും നൽകാം വരൂ സ്നേഹിതാ.

വൃദ്ധനുമായി നടന്നു
പോകുന്ന നിക്കോളാവാസ്

CUT

അടുത്ത ലക്കത്തോടു കൂടി തിരക്കഥ അവസാനിക്കുന്നു.

അക്ഷര വാർത്തകൾ



അക്ഷര വനിതാ വേദിയുടെ **5-**□□മത് വാർഷിക സമ്മേളനത്തിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളോടൊപ്പം മാടപ്പള്ളി **6-**□□ വാർഡ് മെമ്പർ സെലീനാമ്മ തോമസും,ജില്ലാ ലൈബ്രറി കൌൺസിൽ മെമ്പർ എൻ.ലളിതാഭായ് ടീച്ചറും
പ്രസിഡന്റ്-മായാദേവി.പി.സി.
സെക്രട്ടറി-മിനി ഗോപിനാഥ്



ജൂൺ **19** വായനാദിനം



വായനാദിനം വാർഡ് മെമ്പർ സെലിനാമ്മ തോമസ് ഉദ്ഘാടനം ചെയ്തു.

അക്ഷര ലൈബ്രറി വീടുകളിലേയ്ക്ക്

.....



കുടുംബശ്രീ അംഗങ്ങളെ വായനയുടെ ഭാഗമാക്കുന്നതിന് അക്ഷര വനിതാവേദിയ്ക്ക് ലൈബ്രറി പ്രസിഡന്റ് പി.എസ് പ്രസാദ് പുസ്തകം കൈമാറുന്നു.

വാക്സിൻ ചലഞ്ച്

കേരള സംസ്ഥാന ലൈബ്രറി കൌൺസിൽ -നിർദ്ദേശപ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അക്ഷര ലൈബ്രറി **3400/-** രൂപ സംഭാവന നല്കി.

ആദരാഞ്ജലികൾ



കെ.ആർ.ഗൗരിയമ്മ



സുന്ദർ ലാൽ ബഹുഗുണ



സൗമ്യ സന്തോഷ്



എസ്.രമേശൻ നായർ

അക്ഷരയ്ക്ക് ഒരു ഇരിപ്പിടം



കഴിഞ്ഞ 8 വർഷക്കാലമായി കണിച്ചുകുളം പ്രദേശത്ത് പ്രവർത്തിച്ചു വരുന്ന അക്ഷരലൈബ്രറിയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല. ഇത്രയും കാലമായി വാടക കെട്ടിടത്തിലാണ് ലൈബ്രറി പ്രവർത്തിച്ചു വരുന്നത് .സ്വന്തമായി സ്ഥലവും കെട്ടിടവും എന്ന ലക്ഷ്യം പൂർത്തികരിക്കുവാൻ ഉദാരമായ ' സംഭാവനകൾ നല്കി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അക്ഷര ലൈബ്രറി കമ്മറ്റി.

State Bank India

Branch Mammood

Account Holder Name

Akshara Public Library Kanichukulam

Account No: 67316041760

IFSC Code: SBIN0070284

Akshara Available On

Subscribe Our YouTube Channel Now!

